
# UDAYADEEPA



VOL. XVIII ISSUE - 2
FEBRUARY 2026 BELTHANGADY

# Great lent

## The Great Lent
## (16.2.2026 - 4.4.2026)




**Lent is a time to overcome " Globalization of indifference" and the temptation to live for oneself**

**(Pope Francis, Lenten Message, 2025)**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൽത്തംഗഡി

**Belthangady Diocesan Bulletin**

**Vol. XVIII    Issue-02    February- 2026    Page- 48**

**Annual Subscription: Rs. 140-00    Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website: www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439**

# CONTENTS


| | | |
|---|---|---|
| 01. | Circular : Major Arch Bishop | 05 |
| 02. | Pope Leo XIV : Message on World Peace Day | 11 |
| 03. | Notifications from the Chancellery | 23 |
| 04. | Catechism Department News | 25 |
| 05. | Bible Apostolate | 30 |
| 06. | Social Service Department | 32 |
| 07. | Photo Gallery | 35 |
| 08. | Bishop's Diary : Bp. Lawrence Mukkuzhy | 44 |
| 09. | Bishop's Diary : Bp. James Patteril CMF | 45 |
| 10. | Bishop's Engagements : Bp. Lawrence Mukkuzhy | 46 |
| 11. | Bishop's Engagements : Bp. James Patteril CMF | 47 |

Prot. No. 0008/2026

## സിനഡനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ
മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ
തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ
അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ
ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെഉണ്ടായിരിക്കട്ടെ!
മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ ആദ്യ സമ്മേളനം 2026 ജനുവരി ആറു മുതൽ പത്തുവരെ തീയതികളിൽ സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ കർത്താവിന്റെ അനന്തമായ കരുണയുടെയും അനുഗ്രഹത്തിന്റെയും ആത്മീയാനുഭവം പകർന്നു നല്കിയ ജൂബിലി വർഷം പൂർത്തിയായിരിക്കുകയാണല്ലോ. 'പ്രത്യാശയുടെ തീർഥാടകർ' എന്ന ആപ്ത വാക്യമുയർത്തി ആചരിച്ച ഈ കൃപാവർഷത്തിൽ നാം പ്രാപിച്ച ആത്മീയ നവീകരണത്തിനും ദൈവാനുഭവങ്ങൾക്കും നമുക്ക് ഒന്നുചേർന്നു ദൈവത്തിനു നന്ദിയർപ്പിക്കാം. ജൂബിലി വർഷാചരണത്തിലൂടെ ആർജിച്ചെടുത്ത ആത്മീയചൈതന്യം നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും നിലനിറുത്താനും മിശിഹായുടെ സ്നേഹത്തിന്റെ സാക്ഷികളായി ജീവിക്കാനും നാം തുടർന്നും പരിശ്രമിക്കേണ്ടതുണ്ട്.

ലോകമെങ്ങും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശം മുഴങ്ങേണ്ട ക്രിസ്തുമസ് കാലം നിർഭാഗ്യവശാൽ നമ്മുടെ മാതൃരാജ്യമായ ഭാരതത്തിലെ ചില ഭാഗങ്ങളിൽ ഭീതിയുടെയും അശാന്തിയുടെയും ദിനങ്ങളായി മാറി. ഭരണഘടന നല്കുന്ന അവകാശങ്ങൾപോലും നിഷേധിച്ചു ക്രൈസ്തവ ദൈവാലയങ്ങൾക്കും പ്രാർഥനാ കൂട്ടായ്മകൾക്കുംനേരേ നടന്ന അതിക്രമങ്ങൾ അങ്ങേയറ്റം വേദനാ ജനകമാണ്. നമ്മുടെ സ്നേഹത്തിന്റെ പ്രവൃത്തികളെ നിർബന്ധിത മതപരിവർത്തനശ്രമങ്ങളായി വ്യാഖ്യാനിക്കുന്ന വിദ്വേഷത്തിന്റെ സംസ്കാരം വളരാൻ

അനുവദിക്കുന്നതു നമ്മുടെ രാജ്യത്തിന്റെ മതേതര സ്വഭാവത്തെത്തന്നെ ദുർബലമാക്കുന്നു. കുരിശിലെ ബലിയിലൂടെ എല്ലാവരെയും തന്നിലേക്ക് ആകർഷിച്ച മിശിഹായുടെ സ്നേഹത്തിന്റെ ശക്തിയാണു നമ്മുടെ വിദ്യാഭ്യാസ, കാരുണ്യ പ്രവർത്തനങ്ങളിൽ പ്രകടമാകുന്നത്. എതിർപ്പുകളും പീഡനങ്ങളുമുണ്ടാകുമ്പോഴും ധൈര്യപൂർവം സുവിശേഷത്തിന്റെ സന്തോഷം ജീവിക്കുന്ന എല്ലാ സഭാമക്കളെയും സഭ വാത്സല്യത്തോടെ പ്രോത്സാഹിപ്പിക്കുന്നു. "നമ്മുടെ കർത്താവിനു സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത്. ദൈവത്തിന്റെശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കുവഹിക്കുക" (2 തിമോ1:8) എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്കു പ്രചോദനമാകട്ടെ.

**ശക്തീകരണത്തിലൂടെ മുന്നോട്ട്**

സമുദായ ശക്തീകരണ വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചുകൊണ്ടായിരുന്നു ജനുവരി ആറാം തീയതി സിനഡ് ആരംഭിച്ചത്. സഭയുടെ വളർച്ചയും നിലനില്പ്പും അതിന്റെ ഓരോ അംഗത്തിന്റെയും ആത്മീയവും സാമൂഹികവുമായ ഉന്നമനത്തിൽ അധിഷ്ഠിതമാണ്. സീറോമലബാർസഭ പ്രഖ്യാപിച്ച സമുദായ ശക്തീകരണ വർഷം കേവലം ഒരു ആചരണമല്ല, മറിച്ചു നമ്മുടെ സമുദായാംഗങ്ങളെ തങ്ങളുടെ ദൗത്യങ്ങളെപ്പറ്റി അവബോധ മുള്ളവരാക്കാനും അതിനായി അവരെ ബലപ്പെടുത്താനും അങ്ങനെ പൊതു ജീവിതത്തിന്റെ എല്ലാമേഖലകളെയും മിശിഹായുടെ പ്രബോധനത്താൽ ശുദ്ധീകരിക്കാനുമുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. സഭാംഗങ്ങൾ, പ്രത്യേകിച്ചു കുടുംബങ്ങളും ഇടവകകളും, വിശ്വാസത്തിലും തനിമയിലും അവബോധമുള്ളവരായി നിലനിന്നാൽമാത്രമേ പൊതുസമൂഹത്തോടുള്ള നമ്മുടെ സുവിശേഷദൗത്യം നിറവേറ്റാൻ നാം പ്രാപ്തരാകുകയുള്ളു. "ക്രിസ്ത്യാനിക്കു ശത്രുക്കളില്ല, സഹോദരീസഹോദരന്മാർ മാത്രം. പരസ്പരം മനസിലാകാത്തപ്പോഴും അവർ സഹോദരങ്ങളായി തുടരുന്നു" എന്ന ലെയോ പതിനാലാമൻ പാപ്പായുടെവാക്കുകൾ, വിശ്വസാഹോദര്യമാണു നാം ലക്ഷ്യം വയ്ക്കുന്നതു എന്ന യാഥാർഥ്യത്തിനു അടിവരയിടുന്നതാണ്.

ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ ധീരമായി നേരിടാൻ യുവജനങ്ങളെയും കുടുംബങ്ങളെയും പ്രാപ്തരാക്കുക

എന്നതാണ് ഈ വർഷാചരണത്തിന്റെ പ്രധാനലക്ഷ്യം. പൊതു ഇടങ്ങളിൽ നമ്മുടെ സാന്നിധ്യത്തെ ദുർബലപ്പെടുത്തുന്ന ജനസംഖ്യാശോഷണം കുടുംബങ്ങളിൽ ചർച്ചാവിഷയമാകണം. സീറോമലബാർ സഭാംഗങ്ങൾ പൊതുഭരണരംഗത്തേക്കും രാഷ്ട്രീയത്തിലേക്കും സജീവമായി കടന്നുവരേണ്ടതു പൗരധർമത്തിന്റെ ഭാഗമാണ്. 'പൗരന്മാരുടെ നിതാന്തജാഗ്രതയിലാണു ജനാധിപത്യത്തിന്റെ നിലനില്പ്പ്' എന്ന ചൊല്ലു നമുക്കുമറക്കാതിരിക്കാം. നമ്മുടെ സമുദായാംഗങ്ങളുടെ ഇടയിൽ സംഭവിക്കുന്ന, വിദേശ രാജ്യങ്ങളിലേക്കുള്ള വീണ്ടുവിചാരമില്ലാത്ത കുടിയേറ്റം, ചിലരെയെങ്കിലും വലിയ കടബാധ്യതകളിലേക്കും വിശ്വാസ ശോഷണത്തിലേക്കും നയിക്കുന്നുണ്ട്. തൊഴിൽ തേടുന്നവർ മാത്രമാകാതെ തൊഴിൽ സൃഷ്ടിക്കുന്നവരും തൊഴിൽ ദാതാക്കളുമാകാനുള്ള നമ്മുടെ സാധ്യത നാം മനസിലാക്കണം. കൃഷിലാഭകരമല്ല എന്നു പറയുമ്പോഴും, ശാസ്ത്രീയമായി കൃഷിചെയ്തു അനേകംപേർക്കു തൊഴിൽ കൊടുക്കാൻ കഴിയും എന്നതിനു നമ്മുടെ ചില രൂപതകളിൽ അഭിനന്ദനാർഹമായ മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നതു ശ്രദ്ധേയമാണ്. വർത്തമാനകാലത്തു നമ്മുടെ മുൻപിലുള്ള പ്രതിസന്ധികളെ മറികടക്കാൻ സമുദായ ശക്തീകരണവർഷത്തിലെ കർമപദ്ധതികളെ ഗൗരവമായി ഏറ്റെടുക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനംചെയ്യുന്നു.

### ഗൾഫു മേഖലയ്ക്ക് അപ്പസ്തോലിക് വിസിറ്റർ

ഗൾഫു മേഖലയിലെ സീറോമലബാർ സഭാവിശ്വാസികൾക്കു ഫലപ്രദമായ അജപാലന ശുശ്രൂഷ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾക്കായി വളരെ നാളുകളായി നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗൾഫുനാടുകളിലെ സീറോമലബാർ സഭാംഗങ്ങൾക്കായി പരിശുദ്ധ സിംഹാസനം അപ്പസ്തോലിക് വിസിറ്ററെ നിയമിച്ചതു വഴി സഭയുടെ വളർച്ചയിൽ നിർണായകമായൊരു ചുവടുവയ്പ്പാണു സംഭവിച്ചിരിക്കുന്നത്. ഗൾഫു മേഖലയിലെ സീറോ മലബാർ വിശ്വാസികൾക്കു ആവശ്യമായ അജപാലന സംവിധാനങ്ങൾ അനുവദിക്കുന്നതിനു മുന്നോടിയായി അവിടങ്ങളിലുള്ള നമ്മുടെ വിശ്വാസി സമൂഹങ്ങളുമായും നിലവിലുള്ള അജപാലന സംവിധാനങ്ങളുമായും സംവദിച്ച് ഒരു വിശദമായ പഠന റിപ്പോർട്ടു തയ്യാറാക്കി പരിശുദ്ധ സിംഹാസനത്തിനു സമർപ്പിക്കുക എന്നതാണ് അപ്പസ്തോലിക് വിസിറ്ററുടെ പ്രഥമദൗത്യം.

പരിമിതികൾക്കു നടുവിലും മാതൃസഭയുടെ ആരാധനാ ക്രമപാരമ്പര്യത്തിൽ നിലനില്ക്കാൻ ത്യാഗപൂർവം പരിശ്രമിച്ച എല്ലാവരെയും നന്ദിയോടെ ഓർമിക്കുന്നതിനൊപ്പം അപ്പസ്തോലിക് വിസിറ്ററായി നിയമിതനായ ബഹു. ജോളി വടക്കനച്ചന് എല്ലാ പിന്തുണയും നല്കണമെന്നു ഗൾഫുനാടുകളിലെ എല്ലാ സീറോമലബാർ സഭാമക്കളോടും അഭ്യർഥിക്കുന്നു.

**അനുരഞ്ജനത്തിലൂടെ ഐക്യത്തിലേക്ക്**

ഐക്യമുള്ള സമുദായത്തിനു കാലത്തിന്റെ ഗതിമാറ്റാൻ കഴിയുമെന്നും ആരാധന ക്രമത്തിലെ ഐക്യം വിശ്വാസികൾക്കിടയിലുള്ള ആഴമേറിയ സാഹോദര്യത്തിന്റെ പ്രകാശന മാണ് എന്നുമുള്ള ബോധ്യത്തിൽ നിന്നാണു വി. കർബാന അർപ്പണ രീതിയിൽ ഏകീകരണം നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചത്. എന്നാൽ നാം ലക്ഷ്യം വച്ച ഐക്യം പൂർണമായും യാഥാർഥ്യമായിട്ടില്ല എന്നതു ദുഃഖകരമാണ്. ഏകീകൃത രീതിയിലുള്ള കുർബാനയർപ്പണം നടപ്പിലാക്കണം എന്ന സഭയുടെതീരുമാനം, എറണാകുളം-അങ്കമാലി അതിരൂപതയിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള ശ്രമങ്ങളെ സിനഡ് അനുഭാവപൂർവം പരിഗണിക്കുന്നു. പരിശുദ്ധ സിംഹാസനം അംഗീകരിച്ച ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതി സംബന്ധിച്ചുള്ള സിനഡിന്റെ തീരുമാനം മാറ്റമില്ലാതെ തുടരുന്നതാണ്. ഏകീകൃതകുർബാന അർപ്പണത്തിനുവേണ്ടി ആഗ്രഹിക്കുകയും നിലപാടെടുക്കുകയും നടപ്പിലാക്കുകയും ചെയ്ത രൂപതകളെയും വ്യക്തികളെയും സഭ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രത്യേക സാഹചര്യത്തിൽ ഘട്ടംഘട്ടമായി ഏകീകൃത വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കാനുള്ള സിനഡു തീരുമാനത്തോടു എല്ലാവരും സഹകരിക്കണമെന്ന് അഭ്യർഥിക്കുകയും ക്രൈസ്തവാരൂപിക്കു ചേരാത്ത പ്രതിഷേധമാർഗങ്ങൾ വെടിഞ്ഞു അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കാൻ ബന്ധപ്പെട്ട ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

**വൈദിക പരിശീലനത്തിന്റെ കാലോചിത നവീകരണം**

മാറുന്ന സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനു വൈദിക പരിശീലനം കാലോചിതമായി നവീകരിക്കേണ്ടത് അനിവാര്യമാണെന്നു മെത്രാൻ സിനഡു

വിലയിരുത്തി. സുവിശേഷ പ്രഘോഷണത്തിൽ തീക്ഷ്ണത ജ്വലിപ്പിക്കുന്ന വൈദികപരിശീലനം കാലത്തിന്റെ അനിവാര്യതയാണ്. ആത്മീയവും ദൈവശാസ്ത്ര പരവുമായ അറിവിനോടൊപ്പം, വൈദികാർഥികൾ മാനസികമായ പക്വതയും സാമൂഹിക പ്രതിബദ്ധതയും ആധുനിക സാങ്കേതിക വിദ്യകളിൽ നൈപുണ്യവുമുള്ളവരായി വളരേണ്ടതുണ്ട്. വൈദികപരിശീലനത്തെക്കുറിച്ചു സിനഡിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ ഗവേഷണങ്ങളും പഠനങ്ങളും വർഷങ്ങളായി നടന്നുവരികയായിരുന്നു. അവയുടെ വെളിച്ചത്തിൽ വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം നവീകരിച്ച പരിശീലന പദ്ധതിക്കു സിനഡു അന്തിമരൂപം നല്കിയിട്ടുണ്ട്. ഇവ നടപ്പിൽവരുത്തുന്നതിന്റെ ആദ്യഘട്ടമായി മൈനർ സെമിനാരി പരിശീലന കാലഘട്ടത്തിൽ കാതലായ ചില നവീകരണങ്ങൾക്കു സിനഡ് അംഗീകാരം നല്കുകയും ഈ രംഗത്തുള്ള എല്ലാവരുടെയും പങ്കാളിത്തത്തോടെ അതു നടപ്പിലാക്കാൻ വൈദികർക്കായുള്ള സിനഡൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

**അജപാലനത്തിലും സുവിശേഷവത്കരണത്തിലും മുന്നോട്ട്**

കേരളത്തിനു പുറത്തു പുതിയ അതിരൂപതകളും വിവിധ രാജ്യങ്ങളിൽ അജപാലന സംവിധാനങ്ങളുമായി സീറോമലബാർ സഭ വളർച്ചയുടെ പടവുകൾ കയറുമ്പോൾ, ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വവും വർധിക്കുകയാണ്. സഭയുടെ പൈതൃകവും ആത്മീയതയും മുറുകെപ്പിടിച്ചുകൊണ്ടു തന്നെ, വ്യത്യസ്ത സംസ്കാരങ്ങളിലുള്ളവരുമായി സംവാദത്തിൽ ഏർപ്പെടാനും മിശിഹായുടെ സ്നേഹം സാർവത്രികമായി പ്രഘോഷിക്കാനും നാം കടപ്പെട്ടവരാണ്. ഈയൊരു ദൗത്യം ഏറ്റെടുക്കാൻ പ്രാപ്തരായ കൂടുതൽ മിഷനറിമാരെ വാർത്തെടുക്കാനും തങ്ങളുടെ വിശ്വാസത്തെക്കുറിച്ചും സഭയെക്കുറിച്ചും അഭിമാന ബോധമുള്ളവരായി സഭാംഗങ്ങളെ വളർത്താനും സഹായകമാകുന്ന രീതിയിൽ, അല്മായർക്കുവേണ്ടിയുള്ള ഒരു പ്രേഷിതമുന്നേറ്റം,'ജീവൻ ജ്യോതി സീറോ മലബാർ മിഷനറി മൂവ്മെന്റ്'' എന്ന പേരിൽ ആരംഭിക്കുകയാണ്. സുവിശേഷവത്കരണം നമ്മുടെ പ്രഥമ ദൗത്യമാകയാൽ കൂടുതൽ വൈദിക സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കാൻ കുടുംബങ്ങൾ പ്രത്യേകതാല്പര്യം കാണിക്കേണ്ടതുണ്ട്. ജൂബിലി വർഷം സമാപിച്ചെങ്കിലും അതു നമ്മുടെ ഹൃദയങ്ങളിൽ വിതച്ച

പ്രത്യാശയുടെയും കാരുണ്യത്തിന്റെയും വിത്തുകളെ നമുക്കു പരിപോഷിപ്പിക്കാം. 'ജൂബിലി വർഷം സമാപിക്കുമ്പോഴും പ്രത്യാശയുടെ തീർഥാടനം തുടരുകയാണെന്ന ലെയോ പതിനാലാമൻ മാർപാപ്പയുടെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026-ാം ആണ്ട് ജനുവരി മാസം 10-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2026 ജനുവരി 18-ാം തീയതിഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

---



# 59-ാമത് ലോകസമാധാന ദിനത്തിൽ പരിശുദ്ധ പിതാവ് ലിയോ പതിനാലമൻ പാപ്പാ നല്കുന്ന സന്ദേശം (ജനുവരി 1, 2026)

## നിങ്ങൾക്ക് എല്ലാവർക്കും സമാധാനം "ആയുധമുക്തവും നിരായുധീകൃതവുമാകുന്ന" ("unarmed and disarming") സമാധാനത്തിലേക്ക് "നിങ്ങൾക്ക് സമാധാനം!"

നിരവധി സംസ്കാരങ്ങളിൽ ഇന്നും നിലനില്ക്കുന്ന ഈ പുരാതന അഭിവാദനം ഈസ്റ്റർ സായാഹ്നത്തിൽ യേശുവിന്റെ അധരങ്ങളിൽ പുതുജീവൻ നിറഞ്ഞ ഒന്നായിരുന്നു."നിങ്ങൾക്ക് സമാധാനം!" (യോഹ 20: 19, 21 ) എന്ന ഈ വചനം കേവലം സമാധാനത്തിനായി ആശിക്കുകയല്ല ചെയ്യുന്നത്, മറിച്ച്, അത് സ്വീകരിക്കുന്നവർക്കും, തൽഫലമായി മറ്റെല്ലാ യാഥാർത്ഥ്യങ്ങൾക്കും, യഥാർഥമായി നിലനില്ക്കുന്ന രൂപന്തരണത്തിനു കാരണമായി ഭവിക്കുന്നു. ഇക്കാരണത്താൽ, അപ്പസ്തോലന്മാരുടെ പിൻഗാമികളായുള്ളവർ എല്ലാ ദിവസവും ലോകം മുഴുവനിലുമായി ഈ അതീവ നിശബ്ദവിപ്ലവത്തിന് സ്വരം നൽകുന്നു "നിങ്ങൾക്ക് സമാധാനം!"റോമിലെ മെത്രാനായി ഞാൻ തിരഞ്ഞെടുക്കപ്പെട്ട സായംസന്ധ്യ മുതൽ ഈ സാർവത്രിക പ്രഘോഷണത്തോടൊപ്പം എന്റെ അഭിവാദനം ചേർത്തുവയ്ക്കാൻ ഞാൻ താത്പര്യപ്പെട്ടിട്ടുണ്ട്. അത് ക്രിസ്തുവിന്റെ സമാധാനമാണെന്ന് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു - ആയുധമുക്തവും നിരായുധീകൃതവും വിനീതവും നിലനില്ക്കുന്നതുമായ സമാധാനം. നമ്മെ എല്ലാവരെയും വ്യവസ്ഥകളില്ലാതെ സ്നേഹിക്കുന്ന ദൈവത്തിൽ നിന്നാണ് അത് വരുന്നത് (1).

### ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം

ആടുകൾക്കുവേണ്ടി സ്വന്തം ജീവൻ സമർപ്പിക്കുന്ന, ഈ ശാലയിൽപ്പെടാത്ത മറ്റ് ആടുകൾ ഉണ്ടായിരിക്കുകയും (യോഹ 10: 11,16 കാണുക) ചെയ്യുന്ന, നല്ല ഇടയനായ ക്രിസ്തുവാണ് നമ്മുടെ സമാധാനം. അവിടുന്ന് മരണത്തെ കീഴടക്കുകയും മനുഷ്യരാശിയെ വിഭജിക്കുന്ന മതിലുകൾ പൊളിച്ചുനീക്കുകയും ചെയ്തു (എഫേ 2:14 കാണുക). ലോകത്തിൽ അനേകം സാക്ഷികളുടെ പ്രയത്നത്താൽ ദൈവത്തിന്റെ പ്രവൃത്തികൾ തുടർന്നുകൊണ്ടുപോകുന്നവർ വഴിയായി അവിടത്തെ സാന്നിധ്യവും ദാനവും വിജയവും തുടർന്നും പ്രകാശിതമാകുന്നു; നമ്മുടെ ഈ കാലഘട്ടത്തിന്റെ ഇരുളിൽ അവ കൂടുതൽ ദൃശ്യതയും ദീപ്തിപൂരമുള്ളതും ആയിത്തീരുന്നു.

പുതിയൊരു ലോകം പിറക്കുന്നതിലുള്ള ഈറ്റുനോവ് വിവരിക്കുന്നതിലുള്ള ഇരുളും വെളിച്ചവും തമ്മിലുള്ള വൈപരീത്യവിവരണം ബൈബിളിന്റെ മാത്രം ചിത്രമല്ല; നമ്മെ വേരുറയ്ക്കാൻ അനുവദിക്കാത്തതും നമ്മുടെ ചരിത്രപരമായ സാഹചര്യങ്ങളുടെ മധ്യേ നാം നേരിടുന്ന അസ്വസ്ഥതയുടെ അനുഭവങ്ങളുടേതുമാണത്. ഇരുളിനെ അതിജീവിക്കാൻ പ്രാകാശം കാണുകയും അതിൽ വിശ്വസിക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ്. യേശുവിന്റെ ശിഷ്യർ ഇത് വളരെ സവിശേഷവും പ്രത്യേക ആനുകൂല്യങ്ങളുമുള്ളവിധവും ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതേസമയം, ഈ വിളി എല്ലാ മനുഷ്യരുടെയും ഹൃദയങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. സമാധാനം യഥാർഥത്തിൽ ഉണ്ട്; അത് നമ്മിൽ കുടികൊള്ളാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഗ്രഹണശക്തി പ്രകാശിപ്പിക്കാനും വികസിപ്പിക്കാനുമുള്ള മൃദുലമായ കഴിവ് അതിനുണ്ട്; അത് അക്രമത്തെ എതിർക്കുകയും കീഴടക്കുകയും ചെയ്യുന്നു. നിത്യതയുടെ ശ്വാസോച്ഛ്വാസം ആണത്; തിന്മയോടു നാം, ''മതി'' എന്ന് ഉറക്കെ പറയുമ്പോൾ സമാധാനത്തോടു നാം മന്ത്രിക്കുന്നു, ''എക്കാലത്തേക്കും'' എന്ന്. ഈ ചക്രവാളത്തിലേക്ക് ഉഥിതനായവൻ നമ്മെ നയിച്ചിട്ടുണ്ട്. ഈ ബോധ്യത്തെ അടിസ്ഥാനപ്പെടുത്തി, ''കുറേശ്ശെ കുറേശ്ശെയായി നടത്തപ്പെടുന്ന ഒരു മൂന്നാം ലോകമഹായുദ്ധം'' എന്നു ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിച്ച സഹാചര്യത്തിൽപ്പോലും, സമാധാനപാലകർ ഇരുൾപടരുന്നതിനേതാരായുള്ള യത്നം തുടർന്നുകൊണ്ടിരിക്കുന്നു; അവർ രാത്രിയിലെ കാവൽ ഭടന്മാരെപ്പോലെ നില്ക്കുന്നു.

ദുഖകരം എന്നു പറയട്ടെ, വെളിച്ചം വിസ്മരിക്കപ്പെടാനും സാധ്യതയുണ്ട്. ഇത് സംഭവിക്കുമ്പോൾ നമുക്ക് യാഥാർഥ്യബോധം നഷ്ടപ്പെടുന്നു; നാം ഇരുളും ഭയവും മുലം രൂപംമാറിയ ഭാഗികവും വികൃതവുമായ വിശ്വദർശനത്തിന് കീഴടങ്ങുന്നു. മറ്റുള്ളവരുടെ സൗന്ദര്യത്തോട് അന്ധത പുലർത്തുകയും പാപത്താൽ മുറിപ്പെട്ടതാണെങ്കിലും മനുഷ്യഹൃദയങ്ങളിൽ എപ്പോഴും പ്രവർത്തന നിരതമായിരിക്കുന്ന ദൈവത്തിന്റെ കൃപ വിസ്മരിക്കുകയും ചെയ്തുകൊണ്ട് പ്രത്യാശ നഷ്ടപ്പെട്ട ആഖ്യാനങ്ങളെ ഇന്ന് നിരവധി പേർ ''യാഥാർഥ്യമായത്'' എന്നു വിളിക്കുന്നു. സമാധാനവുമായി തകർക്കാനാവാത്ത ഒരു ബന്ധം സ്ഥാപിക്കാൻ വിശുദ്ധ അഗസ്റ്റിനോസ് ക്രിസ്ത്യാനികളോട് ആഹ്വാനം ചെയ്യുകയുണ്ടായി; അങ്ങനെ അവർ അത് തങ്ങളുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ പരിലാളിച്ചുകൊണ്ട് അതിന്റെ പ്രകാശ പൂർണമായ താപം തങ്ങളുടെ ചുറ്റും പ്രസരിപ്പിക്കാൻ കഴിവുള്ളവരാകും. തന്റെ സഭാസ

മൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം എഴുതി; ''മറ്റുള്ളവരെ സമാധാനത്തിലേക്കു നയിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നേങ്കിൽ, ആദ്യം നിങ്ങളിൽത്തന്നെ അതുണ്ടാകട്ടെ; നിങ്ങൾത്തന്നെ സമാധാനത്തിൽ ദൃഢചിത്തരായിരിക്കുക. മറ്റുള്ളവരെ ജ്വലിപ്പിക്കാൻ, നിങ്ങളുടെ ഉള്ളിൽ ജ്വാല കത്തി നില്ക്കണം''(2).

പ്രിയ സഹോദരിസഹോദരന്മാരെ, നമുക്ക് വിശ്വാസത്തിന്റെ ദാനം ഉണ്ടെങ്കിലും അതിൽ കുറവുണ്ടെന്ന് തോന്നിയാലും, സമാധാനത്തിനായി നമുക്ക് നമ്മെത്തന്നെ തുറക്കാം. അത് അസാധ്യമാണെന്നും നമുക്ക് എത്തിച്ചേരാൻ ആവില്ലെന്നും വിശ്വസിക്കുന്നതിലുപരി, നമുക്കതിനെ സ്വാഗതം ചെയ്യുകയും അതിനെ തിരിച്ചറിയുകയും ചെയ്യാം. സമാധാനം എന്നത് കേവലം ഒരു ഗോൾമുഖത്തിനും ഉപരിയാണ്; അതൊരു സാന്നിധ്യവും ഒരു സഞ്ചാരവും ആണ്. കൊടുങ്കാറ്റിനാൽ അണഞ്ഞുപോകുന്ന സ്ഥിതിയിലുള്ള ചെറിയ ദീപനാളംപ്പോലെ, നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും അത് നാശഭീഷണി നേരിടുന്ന രീതിയിൽ ആണെങ്കിൽപ്പോലും, നാം അത് സംരക്ഷിക്കണം; അതായത്, അതിനു സാക്ഷ്യം നല്കിയിട്ടുള്ളവരുടെ നാമങ്ങളും കഥകളും വിസ്മരിക്കാതെ. നമ്മുടെ തിരഞ്ഞെടുപ്പുകളെ നയിക്കുന്നതും നിർണയിക്കുന്നതുമായ ഒരു തത്ത്വമാണ് സമാധാനം. അവശിഷ്ടങ്ങൾ മാത്രം നിലനിൽക്കുന്ന ഇടങ്ങളിലും നിരാശ മാത്രം ഒഴിവാകാതെ നില്ക്കുന്നു എന്നു തോന്നുന്ന നേരങ്ങളിലുംപോലും സമാധാനം വിസ്മരിച്ചിട്ടില്ലാത്ത ആളുകളെ പിന്നെയും പിന്നെയും നാം കാണുന്നു. ഭയത്തിലും അധൈര്യത്തിലും ഒരുമിച്ചുകൂടിയിരുന്ന ശിഷ്യരുടെ മധ്യേ ഈസ്റ്റർദിവസം സായാഹ്നത്തിൽ യേശു പ്രവേശിച്ചതുപോലെ ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം അവന്റെ സാക്ഷികളുടെ സ്വരങ്ങളിലൂടെയും മുഖങ്ങളിലൂടെയും വാതിലുകളെയും പ്രതിബന്ധങ്ങളെയും ഭേദിച്ച് തുടർന്നും കടന്നു വന്നുകൊണ്ടിരിക്കുന്നു. ഈ ദാനം നന്മയെ സ്മരിക്കാനും അതിനു ജയം ഉണ്ടാകും എന്നു തിരിച്ചറിയാനും വീണ്ടും അതിനെ തിരഞ്ഞെടുക്കാനും അപ്രകാരം ഒത്തൊരുമിച്ച് പ്രവർത്തിക്കാനും നമ്മെ പ്രാപ്തരാക്കുന്നു.

**ആയുധമുക്ത സമാധാനം**

പിടിക്കപ്പെടുന്നതിന് തൊട്ടുമുമ്പായി, ശക്തമായ ആത്മധൈര്യത്തിന്റെ ആ നിമിഷത്തിൽ, തന്റെ കൂടെയുണ്ടായിരുന്നവരോട് യേശു പറഞ്ഞു: ''സമാധാനം ഞാൻ നിങ്ങളെ ഏല്പിച്ചിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നല്കുന്നു. ലോകം നല്കുന്നതുപോലെ

യല്ല ഞാൻ നല്കുന്നത്.'' അവിടുന്ന് ഉടൻ കുട്ടിച്ചേർത്തു, നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ, നിങ്ങൾ ഭയപ്പെടുകയും വേണ്ടാ''(യോഹ 14:27). അവിടത്തെമേൽ ഉടൻതന്നെ നിശ്ചയമായും വന്നുഭവിക്കാനിരുന്ന അക്രമത്തോടു ബന്ധപ്പെടുത്തിയുള്ളതായിരുന്നു അവരുടെ അസ്വസ്ഥതയും ഭയവും. കൂടുതൽ ആഴത്തിൽ ചിന്തിച്ചാൽ, അവിടുത്തെ അഹിംസാപരമായ പ്രത്യുത്തരം ആണ് ശിഷ്യരെ അസ്വസ്ഥരാക്കിയതെന്ന യഥാർഥ്യം സുവിശേഷങ്ങൾ മറച്ചുവയ്ക്കുന്നില്ല; അപ്രകാരം ഒരു പ്രതികരണത്തോട് അവരാരും യോജിച്ചില്ല, ഏറെ പ്രത്യേകിച്ച് അവരിൽ ഒന്നാമനായിരുന്ന പത്രോസ്. എന്നാൽ, ഗുരു അവരോട് ആവശ്യപ്പെട്ടത് അവസാനംവരെ ആ പാത സ്വീകരിക്കാനാണ്. യേശുവിന്റെ വഴി തുടർന്നും അസ്വസ്ഥതയും ഭയവും ജനിപ്പിക്കുന്നു. കരുത്തുകാട്ടി തന്നെ പ്രതിരോധിക്കാൻ ആഗ്രഹിക്കുന്നവരോടു നിശ്ചയദാർഢ്യത്തോടെ അവിടുന്ന് ആവർത്തിക്കുന്നു: ''നിന്റെ വാൾ അതിന്റെ ഉറയിടുക'' (യോഹ 18:11; കാണുക, മത്താ 26: 52). ഉത്ഥിതനായ യേശുവിന്റെ സമാധാനം ആയുധം ഇല്ലാത്തതാണ്; എന്തെന്നാൽ, അവിടന്നുതന്നെയും കൃത്യമായ ചരിത്ര, രാഷ്ട്രീയ, സാമൂഹിക പരിതോവസ്ഥകളുടെ മധ്യേ ആയുധമില്ലാതെ പോരാട്ടം നടത്തിയ ആളായിരുന്നു. ഈ നവീന ഭാവത്തിന് ക്രൈസ്തവർ ഒരുമിച്ച് പ്രവാചകസാക്ഷ്യം നല്കേണ്ടതാണ്; അവ വരുത്തിവെക്കുന്ന ദുരന്തങ്ങളിൽ തങ്ങൾതന്നെയും പലപ്പോഴും സഹ കുറ്റക്കാരാണെന്നുള്ള ബോധ്യത്തോടെ. അന്ത്യവിധിയെ സംഭന്ധിച്ച ആ മഹാ ഉപമ ഈ ബോധ്യത്തിൽ കരുണയോടെ പേരുമാറാൻ എല്ലാ ക്രൈസ്തവരെയും ക്ഷണിക്കുന്നു (മത്താ 25:31–46 കാണുക). അപ്രകാരം ചെയ്യുമ്പോൾ, പല വ്യത്യസ്ത വഴികളിലൂടെ മറ്റുള്ളവരുടെ ദുഃഖം ശ്രവിക്കുകയും അക്രമത്തിന്റെ ചതിയിൽനിന്ന് സ്വയം സ്വതന്ത്രരായിത്തീരുകയും മറ്റുള്ളവരുടെ ദുഃഖം കേട്ട് അവരുടെ ചാരേ നില്ക്കുന്ന സഹോദരീസഹോദരന്മാരെ കണ്ടെത്താനാകും.

ഇന്ന് സമാധാനത്തിനു തയ്യാറുള്ള ഹൃദയമുള്ള അനവധി ആളുകൾ ഉണ്ടെങ്കിൽപ്പോലും അവർ പലപ്പോഴും നിസ്സാഹായതാബോധത്തിന് അടിമപ്പെട്ടിരിക്കുന്നു; കാരണം വർധിതമാംവിധം അനിശ്ചിതമായിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിന്റെ മുമ്പിലാണ് അവർ നില്ക്കുന്നത്. വിശുദ്ധ അഗസ്റ്റിനോസ് മുമ്പേതന്നെ ഈ പ്രത്യേകതരം വൈരുദ്ധ്യാത്മകത ചുണ്ടിക്കാണിച്ചിട്ടുണ്ട്: ''സമാധാനം സ്വന്തമാക്കുക എന്നത് അതീവ ദുഷ്കരമല്ല; ഒരുപക്ഷേ അതിനെ സ്തുതിക്കുക എന്നത് കൂടുതൽ ദുഷ്കരമാണ്. സമാധാനത്തെ സ്തുതിക്കാൻ നമുക്ക് മതിയായ

കഴിവില്ലെന്ന് നാം കണ്ടെത്തി എന്നുവരും; ശരിയായ ആശയത്തിനു വേണ്ടി നാം അന്വേഷിക്കുകയും നമ്മുടെ വാക്കുകൾ അളന്നു നോക്കുകയും ചെയ്യുന്നു. എന്നാൽ, സമാധാനം ഉണ്ടാകാൻ, അത് അവിടെ ഉണ്ട്, കയ്യെത്തും ദൂരത്ത്, അതിപരിശ്രമംകൂടാതെ നമുക്കത് സ്വന്തമാക്കാനാകും''(3). സമാധാനം ഒരു വിദൂര ആദർശമായി നാം കണക്കാക്കുമ്പോൾ, അത് നിഷേധിക്കപ്പെടുമ്പോൾ നാം ഞെട്ടിക്കപ്പെടുന്നത് ഇല്ലാതായിത്തീരും; അതിന്റെ പേരിൽ യുദ്ധം ചെയ്യപ്പെടുമ്പോൾപ്പോലും. സമാധാനം സമീപസ്ഥമാണെന്നു സമർഥിക്കാൻ പറ്റിയ ''ശരിയായ ആശയങ്ങളും,'' നേരായി പരിഗണിക്കപ്പെട്ട വാക്കുകളും അതിനുള്ള കഴിവുകളും നമുക്ക് ഇല്ലാതായിത്തീർന്നിരിക്കുന്നു എന്നു തോന്നിപ്പോകുന്നു. സമാധാനം എന്ന യാതാർഥ്യം ജീവിക്കപ്പെടാതിരിക്കുകയും പരിപോഷിപ്പിക്കപ്പെടാതിരിക്കുകയും സംരക്ഷിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ ആക്രമണം ഗാർഹികവും പൊതുവായുള്ളതുമായ ജീവിതത്തിൽ പടർന്നുപിടിക്കുന്നു. പൗരരും ഭരണാധികാരികളും തമ്മിലുള്ള ബന്ധത്തിൽ, യുദ്ധത്തിനുവേണ്ടി ആവശ്യമാംവിധം തയ്യാറാകാതിരിക്കുന്നതും അക്രമത്തോടു പ്രതികരിക്കാതിരിക്കുന്നതും ഹിംസയെ ഹിംസകൊണ്ട് നേരിടാത്തതും ഒക്കെ തെറ്റായി കരുതപ്പെടാനുള്ള സാധ്യതയുണ്ട്. ന്യായമായ സ്വയം പ്രതിരോധത്തിന്റെ തത്ത്വത്തിനും വളരെ ഉപരിയായി ഇത്തരത്തിലുള്ള ഏറ്റുമുട്ടലിന്റെ യുക്തിയാണ് ആഗോള രാഷ്ട്രീയത്തിൽ പ്രബലപ്പെട്ടിരിക്കുന്നത്; അത് ദൈനംദിനം അസ്ഥിരതയും ദീർഘദർശന സാധ്യത ഇല്ലായ്മയും ആഴപ്പെടാൻ ഇട വരുത്തുന്നു. അതിനാൽ, പുറത്തുനിന്നുള്ള ഭീഷണിക്കു പ്രതിവിധി എന്ന നിലയിൽ സർക്കാരുകളെ നയിക്കുന്ന ഭരണകർത്താക്കൾ യുദ്ധാവശ്യങ്ങൾക്ക് കൂടുതൽ പണം നീക്കിവെക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുന്നതും തദനുസാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതും നീതിയുക്തമാണെന്ന് കരുതുന്നത് യാദൃശ്ചികമല്ല. പ്രതിരോധത്തിനായി സൈനികശക്തി ഉണ്ടാവുക, ഏറെ പ്രത്യേകിച്ച് അണുവായുധ ശക്തി ഉണ്ടാകുക, എന്നത് നിയമത്തിന്റെയും നീതിയുടെയും പരസ്പരധാരണയുടെയും അടിസ്ഥാനത്തിലല്ല; മറിച്ച്, ഭയത്തിന്റെയും ശക്തികൊണ്ടു കീഴടക്കുന്നതിന്റേതുമായ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ യുക്തിരാഹിത്യത്തിൽ അധിഷ്ഠിതമാണ്. ''തൽഫലമായി'' വിശുദ്ധ ജോൺ 23-ാമൻ പാപ്പാ തന്റെ കാലത്ത് എഴുതിയതുപോലെ, ''ജനങ്ങൾ നിരന്തരമുള്ള ഭയത്തിന്റെ പിടിയിലാണ് ജീവിക്കുന്നത്. ഭയാനകമായ അക്രമത്തോടെ ഏതുനേരവും വരാനിരിക്കുന്ന കൊടുങ്കാറ്റ് തങ്ങളുടെമേൽ നിപതിക്കും എന്ന് അവർ ഭയപ്പെടുന്നു.

അവരുടെ ഈ ഭയത്തിന് കാരണമില്ലാതില്ല; എന്തെന്നാൽ, അപ്രകാരമുള്ള പടക്കോപ്പുകൾക്ക് ഒട്ടും കുറവില്ല. യുദ്ധം തുടങ്ങുന്നതു വഴി വന്നുഭവിക്കുന്ന ഭയാനകമായ കൂട്ടക്കൊലയ്ക്കും വിനാശത്തിനും ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരെങ്കിലും തയ്യാറാകും എന്ന് വിശ്വസിക്കാൻ കഴിയില്ലെങ്കിൽപ്പോലും ഏതെങ്കിലും ഒരു കാരണത്താലോ മുൻകൂട്ടി കാണാത്ത സാഹചര്യത്താലോ ആ കൊടിയ ദുരന്തം വന്നുഭവിക്കില്ല എന്നു പറയാനാവില്ല(4).

മുൻവർഷത്തിനു ഉപരിയായി 2024-ൽ ആഗോള പ്രതിരോധ സൈനികചെലവ് 9.4% ഉയർന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്; അത് കഴിഞ്ഞ പത്ത് വർഷത്തെ പ്രവണത സ്ഥിരീകരിക്കുന്നതാണ്. കാരണം പ്രതിരോധത്തിനായുള്ള ചിലവ് 2718 ബില്യൻ ഡോളറിൽ എത്തുകയുണ്ടായി, അതായത് ഗ്ലോബൽ GDPയുടെ 2.5% (5). മാത്രമല്ല, പുതിയ വെല്ലുവിളികളെ നേരിടുന്നതിനുള്ള മാർഗം പുനർയുദ്ധ സജ്ജീകരണത്തിനായി വളരെ വലിയ സാമ്പത്തിക നിക്ഷേപം നടത്തുക എന്നതിലുപരി വിദ്യാഭ്യാസനയത്തിലും ഗണ്യമായ വ്യത്യാസം വരുത്തുക എന്നതും ഉൾപ്പെടുന്നു. ഇരുപതാം നൂറ്റാണ്ടിൽ നാം വളരെയേറെ പണിപ്പെട്ട് നേടിയ ബോധ്യങ്ങലും ദശലക്ഷക്കണക്കിന് ഇരകളുടെ ഓർമയും നിലമിർത്തുന്ന ഒരു സംസ്കാരത്തിന് ഉപരിയായി ഇന്ന് നാം വിദ്യാലയങ്ങളിലും സർവകലാശാലകളിലും മാധ്യമങ്ങളിലും ഒക്കെ കാണുന്നത് ഭീഷണി നിലനില്ക്കുന്നു എന്നതും പ്രതിരോധത്തിനും സുരക്ഷയ്ക്കുമായി യുദ്ധോപകരണങ്ങളുടെ ഉപയോഗം ആവശ്യമാണെന്ന തരത്തിലുള്ള വാർത്താവിനിമയ സംഘടിത നീക്കങ്ങളും വിദ്യാഭ്യാസ ശ്രമങ്ങളുമാണ്.

എന്നാൽ, ‘‘യഥാർഥമായി സമാധാനത്തെ സ്നേഹിക്കുന്നവർ സമാധാമത്തിന്റെ ശത്രുക്കളെയും സ്നേഹിക്കുന്നു (6). അതിനാൽ പാലങ്ങൾ തകർക്കുകയോ കുറ്റപ്പെടുത്തലിൽ നിലനില്ക്കുകയോ ചെയ്യാരുതെന്ന് വിശുദ്ധ അഗസ്റ്റിനോസ് ഉപദേശിക്കുകയുണ്ടായി; മറിച്ച്, ശ്രവിക്കാൻ ശ്രമിക്കണം; എവിടെ സാധ്യമാണോ അവിടെയൊക്കെ അപരരുമായി സംഭാഷണത്തിൽ ഏർപ്പെടണം. സഭയും സമകാലിക ലോകവും തമ്മിൽ അടിയന്തരമായി സംവാദത്തിൽ ഏർപ്പെടേണ്ടതിന്റെ പുനർ അവബോധ്യത്തോടെയാണ് രണ്ടാം വത്തിക്കാൻ സുനഹദോസ് അറുപത് വർഷംമുമ്പ് പര്യവസാനിച്ചത്. ഏറെ പ്രത്യേകിച്ച്, ‘‘സഭ ആധുനിക ലോകത്തിൽ’’ (Gaudium et Spes) എന്ന കോൺസ്റ്റിറ്റ്യൂഷൻ യുദ്ധമുറയുടെ രൂപപരിണാമത്തിലേക്ക് ശ്രദ്ധക്ഷണിക്കുകയുണ്ടായി: ‘‘ആധു

നിക ശാസ്ത്രീയ ആയുധങ്ങൾ കൈവശംവച്ചുകൊണ്ടിരിക്കുന്നവർക്ക് ഇത്തരം അപരാധങ്ങൾ പ്രവർത്തിക്കാൻ അവസരം കൊടുക്കുകയും, അതിലുപരിയായി പിടിയിലൊതുങ്ങാത്ത ചില സാഹചര്യങ്ങളിൽ മൃഗീയമായ ചില തീരുമാനങ്ങളെടുക്കാൻ മനുഷ്യർക്ക് പ്രേരണ നല്കുകയും ചെയ്യുന്നു എന്നതിലാണ് ആധുനിക യുഗത്തിന്റെ അതുല്യമായ അപകടം നിലകൊള്ളുന്നത്. അത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻവേണ്ടി ദൈവത്തിന്റെയും മനുഷ്യവർഗം മുഴുവന്റെയും മുമ്പാകെ തങ്ങൾക്കുള്ള ഭീമമായ ഉത്തരവാദിത്വത്തെപ്പറ്റി അനുസ്യൂതം ചിന്തിക്കണമെന്ന് സകല മനുഷ്യരോടും പ്രത്യേകിച്ച്, രാഷ്ട്രീയ അധികാരികളോടും ഇവിടെ സമ്മേളിച്ചിരിക്കുന്ന ലോകമെങ്ങുമുള്ള മെത്രാന്മാർ ഏകയോഗമായി അപേക്ഷിക്കുന്നു''(7).

കൗൺസിൽ പിതാക്കന്മാരുടെ ആഹ്വാനം ആവർത്തിക്കുകയും പരസ്പര സംഭാഷണം (dialogue) ആണ് എല്ലാ തലങ്ങളിലും ഫലപ്രദമായ സമീപനം എന്നു കരുതുമ്പോൾത്തന്നെയും ഒരു കാര്യം നാം ഇന്ന് അംഗീകരിക്കണം; അതായത്, സാങ്കേതികവിദ്യയുടെ പുരോഗതിയും (technological advances) പ്രതിരോധരംഗത്ത് നിർമിതബുദ്ധിയുടെ ഉപയോഗവും ആയുധം ഏന്തിയുള്ള സംഘർഷത്തിന്റെ ദുരന്തം വളരെയേറെ വർധിപ്പിച്ചിട്ടുണ്ട് എന്ന യഥാർഥ്യം. എന്നാൽ, ഈ തരത്തിലുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള പ്രവണത രാഷ്ട്രീയ പ്രതിരോധ രംഗത്തുള്ള നേതാക്കളുടെ ഇടയിൽ വർധിച്ചുവന്നുകൊണ്ടിരിക്കുന്നു; എന്തെന്നാൽ ജീവനെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള തീരുമാനങ്ങൾ കൈക്കൊള്ളാൻ യന്ത്രങ്ങളെ "ചുമതലപ്പെടുത്തിയിരിക്കുകയാണ്'' ("delegated'' to machines). ഇതാകട്ടെ, എല്ലാ നാഗരികതയുടെയും പിന്നിൽ ഉണ്ടായിരിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുന്ന നൈയാമികവും തത്ത്വശാസ്ത്രപരവുമായ മാനവികതയുടെതായ തത്ത്വങ്ങളുടെ മുമ്പോരിക്കലും ഇല്ലാത്ത വിധവും വിനാശകരവുമായ രീതിയിലുള്ള നിഷേധമാണ് പ്രതിഫലിപ്പിക്കുന്നത്. രാഷ്ട്രങ്ങളെ ഈ ദിശയിലേക്ക് നയിക്കുന്ന സ്വകാര്യസമ്പത്തിന്റെയും ധനപരമായ താല്പര്യങ്ങളുയെയും ബൃഹത്തായ ഒത്തുചേരൽ അപലപിക്കേണ്ടത് അത്യാവശ്യമാണ്; എന്നാൽ, അതുമാത്രം മതിയാവുകയുമില്ല; മനസ്സാക്ഷിയെയും വിമർശനാത്മക ചിന്തയെയും ഉണർത്തുക എന്നത് അനിവാര്യമാണ്. "എല്ലാവരും സഹോദരർ'' (Fratelli Tutti) എന്ന ചാക്രിക ലേഖനം അസ്സീസിലെ വിശുദ്ധ ഫ്രാൻസിസിനെ ഇത്തരത്തിലുള്ള ഉണർത്തലിന്റെ ഒരു മാതൃകയായി അവതരിപ്പിക്കുന്നു; "നിരീക്ഷണഗോപുരങ്ങളും പ്രതിരോധമതിലുകളുംകൊണ്ട് ലോകം പ്രതിരോ

ധവ്യഗ്രത കാണിച്ചിരുന്ന അക്കാലത്ത് നഗരങ്ങൾ ശക്തരായ കുടുംബങ്ങൾ തമ്മിലുള്ള ഘോരയുദ്ധത്തിന്റെ വേദിയായിരുന്നു; അതേസമയം, നാട്ടിൽപുറങ്ങളിൽ ദാരിദ്ര്യം കൊടികുത്തി വാണു. എന്നാൽ, അപ്രകാരമുള്ള ഒരു സാഹചര്യത്തിൽപ്പോലും ഫ്രാൻസിസിനു തന്റെ ഹൃദയത്തിലേക്കു സമാധാനം സ്വാഗതം ചെയ്യാൻ സാധിക്കുമായിരുന്നു; അതുവഴിയായി മറ്റുള്ളവരുടെമേൽ അധികാരം ചെലുത്തുക എന്ന ആഗ്രഹത്തിൽനിന്നു സ്വയം വിമുക്തനാകാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം ദരിദ്രരിൽ ഒരാളായി മാറി; അങ്ങനെ എല്ലാവരോടും പൊരുത്തപ്പെട്ടു ജീവിക്കാൻ ശ്രമിച്ചു'' (8) അതായത്, ആയുധമുക്തമായ ഒരു സമാധാമത്തിനായി കൈകോർക്കുക എന്നത്; അത് തുറവിനാലും സുവിശേഷാത്മക വിനയത്താലും ജനിക്കുന്ന ഒരുതരം സമാധാനമായിരിക്കും.

**നിരായുധീകൃതമാകുന്ന സമാധാനം**

നന്മ ആയുധരഹിതമാണ്. അതിനാലായിരിക്കണം ദൈവം ഒരു ശിശുവായത്. മൃതരുടെ സങ്കേതത്തിന്റെ അഗാധതലങ്ങൾവരെ എത്തിനില്ക്കുന്ന മനുഷ്യാവതാരത്തിന്റെ രഹസ്യം ഒരു യുവമാതാവിന്റെ ഉദരത്തിലാണ് ആവിർഭവിച്ചത്; അത് ബത്ലെഹേമിലെ പുല്ത്തൊട്ടിയിൽ വെളിപ്പെടുത്തപ്പെടുകയും ചെയ്തു. ''ഭൂമിയിൽ സമാധാനം'' എന്ന് മാലാഖമാർ പാടി; അവർ പ്രഖ്യാപിച്ചത് പ്രതിരോധിക്കാൻ കഴിവില്ലാത്ത ഒരു ദൈവത്തിന്റെ സാന്നിധ്യമാണ്;, അവനെ സ്വീകരിക്കാൻ തയ്യാറാകുമ്പോഴാണ് മനുഷ്യരാശിക്ക് അവന്റെ സ്നേഹം മനസ്സിലാക്കാൻ കഴിയുന്നത് (ലൂക്കാ 2: 13-14 കാണുക). ഒരു ശിശുവിന് നമ്മെ പരിവർത്തനപ്പെടുത്താൻ കഴിയുന്നത്രവിധം മറ്റൊന്നിനും സാധിക്കില്ല. ഒരുപക്ഷേ, നമ്മുടെ മക്കളെക്കുറിച്ചുള്ളതും അവരെപ്പോലെ ദുർബലരായവരക്കുറിച്ചുമുള്ള ചിന്തയിൽതന്നെയാണ് നമ്മുടെ ഹൃദയം നുറുങ്ങുന്നത് (അപ്പ 2: 37 കാണുക). ഇക്കാര്യത്തിൽ, എന്റെ ധന്യനായ മുൻഗാമി എഴുതി, ''നിലനില്ക്കുന്നതിനെക്കുറിച്ചും കടന്നുപോകുന്നതിനെക്കുറിച്ചും, ജീവൻ കൊണ്ടുവരുന്നതിനെക്കുറിച്ചും അതില്ലാത്തതിനെക്കുറിച്ചും മാനുഷിക ബലഹീനതയ്ക്ക് കൂടുതൽ കാര്യങ്ങൾ നമുക്കു വ്യക്തമാക്കിത്തരാനുള്ള ശേഷിയുണ്ട്. ഒരുപക്ഷേ ഇക്കാരണത്താൽ, നാം പലപ്പോഴും നമ്മുടെ കുറവുകളെ നിഷേധിക്കുകയും ദുർബലരും മുറിവേൽക്കപ്പെട്ടവരുമായ ആളുകളെ അവഗണിക്കുകയും ചെയ്യുന്നു; യഥാർഥത്തിൽ നാം തിരഞ്ഞെടുത്ത ദിശ ചോദ്യം ചെയ്യാനുള്ള കഴിവ് വ്യക്തികൾ എന്ന നിലയിലും ഒരു സമൂഹമെന്ന നിലയിലും അവർക്കുണ്ട്''(9).

“സമഗ്രമായ നിരായുധീകരണത്തിനു” (“integral disarmament”) വേണ്ടി നിലകൊണ്ട പാപ്പാ ജോൺ 23-ാമൻ ആയിരുന്നു; ഹൃദയത്തിന്റെയും മനസ്സിന്റെയും നവീകരണംവഴി മാത്രമാണ് അത് പ്രാപിക്കാൻ സാധിക്കുന്നത്. “ലോകത്തിൽ സമാധാനം” (Pacem in Terris) എന്ന ചാക്രിക ലേഖനത്തിൽ അദ്ദേഹം എഴുതി; ‘എല്ലാവരും ഒരു കാര്യം മനസ്സിലാക്കണം, അതായത്, നിരായുധീകരണപ്രക്രിയ വിട്ടുവീഴ്ചയ്ക്ക് ഒരുക്കമില്ലാത്തതും സമ്പൂർണമായതും ഓരോ വ്യക്തിയുടെയും ആത്മാവിലേക്ക് എത്തിച്ചേരുന്നതുമായില്ലെങ്കിൽ ആയുധപ്പന്തയം ഒഴിവാക്കുക, അഥവാ ആയുധങ്ങൾ ഗണ്യമായി കുറയ്ക്കുക, എന്നത് അസാധായമായ കാര്യമായിരിക്കും; ഇതാണ് മുഖ്യകാര്യം, അത്യന്തികമായി അവ പൂർണമായും ഒഴിവാക്കുക എന്നത്. ഭയവും ഉത്ക്കണ്ഠാജനകമായ യുദ്ധഭീതിയും നമ്മുടെ മനസ്സുകളിൽനിന്ന് ഒഴിവാക്കുന്നതിന് ഓരോരുത്തരും ആത്മാർഥമായി സഹകരിക്കേണ്ടിയിരിക്കുന്നു. ഇതിന് ആവശ്യം ഇന്നത്തെ ലോകത്ത് സമാതാനത്തിന്റെ അടിത്തറയായി കരുതിയിരിക്കുന്ന അടിസ്താനതത്ത്വങ്ങൾ തികച്ചും വ്യത്യസ്തമായ ഒന്നുവഴി പുനഃസ്താപിക്കപ്പെടണം എന്നതാണ്; അതായത്, രാജ്യങ്ങൾക്കിടയിൽ യതാർഥവും നിലനില്ക്കുന്നതുമായ സമാധാനം സാധ്യമാകുന്നത് എല്ലാവർക്കും തുല്യമായ ആയുധങ്ങൾ സ്വന്തമായി ഉണ്ടായിരിക്കുമ്പോഴല്ല, മറിച്ച് അവർ പരസ്പരം വിശ്വസിക്കാൻ തയ്യാറാകുമ്പോഴാണ്. ഇത് സാധ്യമാകും എന്ന തികഞ്ഞ ആത്മാവിശ്വാസം നമുക്കുണ്ട്; കാരണം, അത് സാമാന്യബോധത്താൽ നയിക്കപ്പെടുന്നതു മാത്രമല്ല, അത് അതിൽത്തന്നെ അധീവം ആഗ്രഹിക്കപ്പെടുന്നതും നന്മയുടെ അതിസുന്ദരമായ ഫലവും ആണ്” (10).

പീഡിതമായ ഒരു മനുഷ്യസമൂഹത്തിന് മതങ്ങൾ നല്കേണ്ട അവശ്യസേവനം ചിന്തകളും വചനങ്ങളുംപോലും ആയുധഭരിതമാക്കിത്തീർക്കുന്ന വർധിതമാകുന്ന പ്രലോഭനത്തിൽനിന്ന് അതിനെ സംരക്ഷിക്കുക എന്നതാണ്. രക്തബന്ധങ്ങൾക്കും ഗോത്രപരബന്ധങ്ങൾക്കും ഉപരിയായും സമാനതകൾ ഉള്ളവരെമാത്രം കൂട്ടിച്ചേർക്കുകയും വ്യത്യസ്തതരായവരെ നിരാകരിക്കുകയും ചെയ്യുന്ന സഖ്യങ്ങൾക്കും ഉപരിയായും നോക്കിക്കാണാനായി മഹത്തായ ആധ്യാത്മിക പാരമ്പര്യങ്ങളും ശരിയായ യുക്തിയും നമ്മെ പഠിപ്പിക്കുന്നു. എന്നാൽ, ഇന്ന് ഇക്കാര്യം ചോദ്യം ചെയ്യാതെ സ്വീകരിക്കപ്പെടുന്നില്ല. നിർഭാഗ്യവശാൽ വിശ്വാസത്തിന്റെ ഭാഷ രാഷ്ട്രീയ അങ്കത്തിലേക്കു വലിച്ചിഴക്കപ്പെടുന്നത് സാധാരണമായിത്തീർന്നിരിക്കുന്നു; ദേശീയ വാദം അംഗീകരിക്കുന്നതിനും മതത്തിന്റെ നാമത്തിൽ അക്രമവും ആയുധമേന്തിയ പോരാട്ടവും നിതി

മത്കരിക്കുന്നതിനും അതു ഉപയോഗപ്പെടുത്തുന്നു. വിശ്വാസികൾ, ഏറെ പ്രത്യേകിച്ച് തങ്ങളുടെ ജീവിതസാക്ഷ്യം വഴിയായി, ദൈവനാമം അശുദ്ധമാക്കപ്പെടുന്ന ഈ തരത്തിലുള്ള ദൈവദൂഷണരൂപങ്ങൾ സജീവമായി ഖണ്ഡിക്കാൻ തയ്യാറാകണം. ആകയാൽ, പ്രവൃത്തിയോടൊപ്പം മറ്റൊരു കാലത്തേക്കാളും ഉപരിയായി പ്രാർത്ഥനയും ആധ്യാത്മികതയും സഭൈക്യപരവും മതാന്തര സംവാദപരവുമായ സമാധാനത്തിന്റെ പാതകളും, പാരമ്പര്യങ്ങളും സംസ്കാരങ്ങളും തമ്മിൽ കണ്ടുമുട്ടാൻ ഉതകുന്ന ഭാഷകളും പരിപോഷിപ്പിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ലോകം മുഴുവനിലുമായി പ്രത്യാശിക്കേണ്ടത്, "ഒരോ സമൂഹവും 'സമാധാനത്തിന്റെ ഒരു ഭവനമായി' ഭവിക്കുക എന്നതാണ്; അവിടെ ഓരോരുത്തരും സംഭാഷണം വഴി ശത്രുത ഇല്ലാതാക്കും; അവിടെ നീതി അഭ്യസിക്കപ്പെടുകയും മാപ്പ് പരിലാളിക്കപ്പെടുകയും ചെയ്യും"(11). മറ്റോരു കാലത്തേക്കാളും ഉപരിയായി സമാധാനം എന്നത് കേവലം ഒരു ആദർശസങ്കല്പം (utopia) അല്ലെന്ന് നാം തെളിയിച്ചു കൊടുക്കേണ്ടിയിരിക്കുന്നു; അത് ശ്രദ്ധാപൂർവവും ജീവദായകവുമായ അജപാലന സർഗാത്മകത പരിപോഷിപ്പിക്കുക വഴിയായിരിക്കും.

അതേസമയം, ഇതിൽ രാഷ്ട്രീയപരമായ മാനത്തിന് ഒട്ടംതന്നെ കുറവ് വരുത്താൻ പാടില്ല. പൊതുവായ ഏറ്റവും ഉന്നതമായ ഉത്തരവാദിത്വം ഭരമേൽപ്പിക്കപ്പെട്ടവർ, "ലോകം മുഴുവനുമുള്ള രാഷ്ട്രങ്ങൾ തമ്മിൽ തികച്ചും മാനുഷികമായ ബന്ധങ്ങൾ നിലനിറുത്തുക എന്ന പ്രശ്നം സംബന്ധിച്ച് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. പ്രസ്തുത ഐക്യം പരസ്പര ധാരണയുടെ അടിസ്ഥാനത്തിലായിരിക്കണം; അതായത്, ഇടപാടുകളിൽ ആത്മാർഥതയും നിയമബാധ്യതകൾ നിറവേറ്റുന്നതിൽ വിശ്വസ്തതയും പുലർത്തിക്കൊണ്ട്. പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പരിശോധിക്കപ്പെടണം; അങ്ങനെ ഒരു പരസ്പര സമ്മതത്തിന്റെ പാതയിൽ എത്തിച്ചേരണം; അതുവഴിയായി ആത്മാർഥവും നിലനിൽക്കുന്നതും ഉപകാരപ്രദവുമായ ഉടമ്പടികൾ ആരംഭിക്കാനാകും" (12). ഇതാണ് നിരായുധീകരണത്തിന്റെ നയതന്ത്രം, അതിന്റെ മാധ്യസ്ഥവും അന്താരാഷ്ട്രനിയമവും. എന്നാൽ ദുഃഖകരം എന്ന് പറയട്ടെ, ഏറെ ശ്രമകരമായ രീതിയിൽ എത്തിച്ചേർന്ന ഉടമ്പടികൾ പലപ്പോഴും വർധിതമാംവിധം ലംഘിക്കപ്പെടുന്നു; യഥാർഥത്തിൽ ഈ സമയത്ത് വേണ്ടത് രാഷ്ട്രങ്ങൾക്കുമുപരി നില്ക്കുന്ന സ്ഥാപനങ്ങളാണ്; അവയുടെ നിയമസാധ്യത ഇല്ലാതാക്കപ്പെടാൻ പാടില്ല.

ഇന്നത്തെ ലോകത്ത്, ആഗോളതലത്തിൽ ശക്തികളുടെ അസന്തുലിതാവസ്ഥ നിലമില്ക്കുന്ന പശ്ചാത്തലത്തിൽ (amid global power imbalances), നീതിയും മാനുഷിക മാഹാത്മ്യവും സംഭ്രമജനകമാംവിധം അപകടത്തിലാണ്. അസ്ഥിരതയുടെയും സംഘർഷത്തിന്റെയും ഈ സമയത്ത് ജീവിച്ചുകൊണ്ട് എങ്ങനെ നമുക്ക് തിന്മയിൽനിന്ന് സ്വതന്ത്രമായിരിക്കാൻ സാധിക്കും? പ്രത്യാശ സജീവമായി നിലനിറുത്തുന്ന ഓരോ ആധ്യാത്മികവും സാംസ്കാരികവും രാഷ്ട്രീയപരവുമായ സംരംഭങ്ങളെ നാം പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും വേണം. "വിധികല്പിതം എന്ന സിദ്ധാന്തത്തെ, അതായത് ഇതിൽ ഉൾപ്പെട്ടിരിക്കുന്ന ചലനാത്മകത അജ്ഞാതമായ, വ്യക്തിരൂപമില്ലാത്ത ശക്തികളുടെയോ മാനുഷിക ഇച്ഛാശക്തിക്ക് പുറമേ നില്ക്കുന്ന ഘടകങ്ങളുടെയോ ഉൽപ്പന്നം ആണെന്നുള്ള ആശയത്തിന്റെ" (13) പ്രചാരണത്തെ നാം തടയേണ്ടിയിരിക്കുന്നു. എന്തെന്നാൽ, മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, "ജനങ്ങളെ കീഴടക്കാനും അവരെ നിയന്ത്രിക്കാനുമുള്ള ഏറ്റവും നല്ലവഴി ചില മൂല്യങ്ങൾ സംരക്ഷിക്കാൻ എന്ന വ്യാജേന നിരാശയും നിരുത്സാഹചിന്തയും അവരിൽ വ്യാപിപ്പിക്കുകയാണ്" (14). ഈ തന്ത്രത്തിനെതിരായി സിവിൽ സമൂഹങ്ങളിൽ ആത്മാവബോധം, ഉത്തരവാദിത്വപൂർണമായ സംഘംചേരൽരൂപങ്ങൾ, അഹിംസാപരമായ പങ്കാളിത്ത അനുഭവങ്ങൾ, ചെറുതും വലുതുമായ തലത്തിലുള്ള നീതി വീണ്ടെടുക്കൽ സമ്പ്രദായങ്ങൾ, എന്നിവ നാം പ്രോത്സാഹിപ്പിക്കണം. ലായോ പതിമൂന്നാമൻ പാപ്പാ തന്റെ റേരും നോവാരും ("പുതിയ കാര്യങ്ങളെക്കുറിച്ച്")എന്ന ചാക്രികലേഖനത്തിൽ നേരത്തെതന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്; "തന്റെ ദുർബലതയെപ്പറ്റിയുള്ള ബോധം ബാഹ്യമായ സഹായം തേടാൻ മനുഷ്യനെ നിർബന്ധിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ നാം ഇങ്ങനെ വായിക്കുന്നു: 'ഒരാളെക്കാൾ രണ്ടുപേരാണു നല്ലത്; തങ്ങളുടെ അധ്വാനത്തിൽ അവർക്ക് നല്ല വേതനമുണ്ടാകുമല്ലോ. നിശ്ചയമായും അവർ വീഴാനിടയായാൽ ഒരുവൻ തന്റെ സുഹൃത്തിനെ ഉയർത്തും. ഏകനായി വീഴുന്നവനു ഹാ, കഷ്ടം! അവനെ ഉയർത്താൻ ഒരു രണ്ടാമനില്ല'(സഭാ 4: 9-10).തുടർന്ന്, 'തന്റെ സഹോദരനാൽ സഹായിക്കപ്പെട്ട സഹോദരൻ ശക്തിയുടെ നഗരം പോലെയാണ്' (സഭാ 18: 19)" (15).

പ്രത്യാശയുടെ ജൂബിലി ഫലങ്ങളിൽ ഒന്നായിരിക്കട്ടെ ഇത്. ഈ ജൂബിലി ദശലക്ഷക്കണക്കിന് ആളുകളെ തങ്ങൾ തീർഥാടകരാണെന്നു തിരിച്ചറിയാനും തങ്ങളിൽത്തന്നെ ഹൃദയത്തിന്റെയും മനസ്സിന്റെയും

ജീവിതത്തിന്റെയും നിരായുധീകരണം നടത്താൻ ആരംഭിക്കാനും പ്രേരിപ്പിച്ചിട്ടുണ്ട്. ദൈവം തീർച്ചയായും തന്റെ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് ഇതിനോട് പ്രത്യുത്തരിക്കും: ''അവിടുന്നു ജനതങ്ങളുടെ മധ്യേ വിധിനടത്തുകയും ജനപദങ്ങളുടെ തർക്കങ്ങൾക്ക് തീരുമാനമെടുക്കുകയും ചെയ്യും. അവരുടെ വാളുകൾ കൊഴുക്കളായും അവരുടെ കുന്തങ്ങൾ അരിവാളുകളായും അവർ അടിച്ചു രൂപപ്പെടുത്തും. രാജ്യം രാജ്യത്തിനെതിരേ വാളുയർത്തുതയില്ല; അവർ ഇനിമേൽ യുദ്ധപരിശീലനം നടത്തുകയില്ല. യാക്കോബിന്റെ ഭവനമേ, വരുക; നമുക്കു കർത്താവിന്റെ പ്രകാശത്തിൽ വ്യാപരിക്കാം''(ഏശ 2 4-5).

വത്താക്കാനിൽനിന്ന് 8 ഡിസംബർ 2025

**ലിയോ പതിനാലാമൻ പാപ്പാ**



# രൂപതാകാര്യാലയം

♦ **Pope's Monthly Intention for February - 2026**

For prayer with the Word of God "Let us pray that praying with the Word of God be nourishment for our lives and a source of hope in our communities, helping us to build a more fraternal and missionary Church.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

Birth day **:**

| | |
|---|---|
| Mathew Kottarathil | 05 |
| Devasia Vadakkeveettil | 08 |
| Joseph Valookaran | 22 |
| Joseph Kurialassery | 28 |

♦ **വിവാഹ പരസ്യം നടത്താനുള്ള അനുമതി :**

2025 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോ മലബാർ സിനഡ് തീരുമാനമനുസരിച്ച് മനസമ്മതത്തിനു മുൻപ് വിവാഹപരസ്യം നടത്താനുള്ള അനുമതിക്കായി ഫൊറോനാ വികാരി അച്ചനെ സമീപിക്കേണ്ടതില്ല പകരം വികാരി അച്ചന് അനുമതി നൽകാവുന്നതാണ്. ഈ തീരുമാനത്തെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇപ്രകാരം മനസമ്മതത്തിന് മുമ്പ് വിവാഹപരസ്യം നടത്തുമ്പോൾ 3 ഞായറാഴ്ചകളിൽ വിവാഹപരസ്യം നടത്തിയിരിക്കണം.
2. വിവാഹപരസ്യത്തിനായുള്ള അപേക്ഷ പ്രതിശ്രുത വധൂവരന്മാർ സംയുക്തമായി രേഖാമൂലം സമർപ്പിക്കണം.
3. വരന്റെ വികാരിയുടെ പക്കൽ അപേക്ഷ സമർപ്പിക്കുകയും വരന്റെ വികാരി നൽകിയ അനുമതിപത്രം വധുവിന്റെ വികാരിയുടെ പക്കൽ എത്തിക്കുകയും വധുവിന്റെ വികാരി അനുമതിപത്രത്തിൽ ഒപ്പ്വച്ച

തിനുശേഷം അനുമതിപത്രം വരന്റെ വികാരിയുടെ പക്കൽ എത്തിച്ച് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4. അപേക്ഷയുടെ മൂന്നു കോപ്പികൾ (ഒറിജിനൽ + 2 ഫോട്ടോസ്റ്റാറ്റ് കോപ്പികൾ) സമർപ്പിക്കണം.
5. നിശ്ചിത ഫോമിൽ പ്രതിശ്രുത വരന്/ വധുവിന് ഒപ്പിടാൻ സാധിക്കാത്തപക്ഷം ആ വ്യക്തിയുടെ സമ്മത പത്രം വെള്ളക്കടലാസിൽ സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിട്ട് ഫോമിനൊപ്പം നൽക്കേണ്ടതാണ്.
6. അപേക്ഷയുടെ ഫോറം രൂപതാകേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതാണ്.

♦ **നന്ദി** :

എം. എസ്. ടി. സന്യാസ സമൂഹത്തിൽ നിന്നു രൂപതയിൽ സേവനത്തിനായി കടന്നുവന്ന്, നെല്ല്യാടി, ആറള, ഇചിലംപാടി, എന്നീ ഇടവകകളിൽ 1 വർഷവും, കുട്രുപ്പാടി, പദാവ്, നീരാജെ ഇടവകകളിൽ 1 വർഷക്കാലവും അസിസ്തേന്തിയായി സ്തുത്യർഹമായി സേവനം ചെയ്ത് സൊസൈറ്റിയിലേക്ക് തിരിച്ചുപോകുന്ന ബഹു. കുര്യൻ വഴുതനപ്പിള്ളിൽ എം. എസ്. ടി. അച്ചന് രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും, വിജയവും നേരുകയും ചെയ്യുന്നു.

## ♦ ആദരാഞ്ജലികൾ

**ശ്രീ മാത്യു ആലപ്പാട്ട്**- ബഹു. സണ്ണി ആലപ്പാട്ട് അച്ചന്റെയും, എസ്. എച്ച്. ബെൾത്തംഗഡി റീജനൽ സുപ്പിരിയർ ബഹു. ലിസ് മാത്യു എസ്. എച്ച്. ന്റെയും പ്രിയപ്പെട്ട പിതാവ് ശ്രീ മാത്യു ആലപ്പാട്ട് 2026 ജനുവരി 22ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജനുവരി 23ന് മാളചൗക്കി വിമലാംബിക ദേവാലയ സിമിത്തേരിയിൽ അഭി. ലോറൻസ് മുക്കുഴി പിതാവിന്റെ കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ആലപ്പാട്ട് അച്ചനും, ബഹു. സി. ലിസ് മാത്യു എസ്. എച്ച്. നും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

♦ **Sunday Collections :** 8th February 2026: Holy Childhood day.

**Fr. Lawrence Poonolil**
Chancellor

# വിശ്വാസ പരിശീലന രംഗം

**"നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. എന്തെന്നാൽ, ഞാൻ തന്നെയെന്ന് വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും."** – യോഹ 8:24

## വിശ്വാസ പരിശീലന ക്ലാസുകളുടെ സന്ദർശനം

ഗോണിക്കൊപ്പലു, മൂർനാടു, ഹൊസ്കോട്ടെ, സിദ്ധാപുര, സിദ്ധലിംഗാപ്പുര, മണിപ്പാൽ, പുത്തൂർ, സംപാജെ, സുള്ള്യ, ഗുത്തിഗാർ പദവു, എന്നീ ഇടവകകൾ സന്ദർശിച്ചു, വിശ്വാസ പരിശീലന ക്ലാസ്സുകൾ എങ്ങനെ നടക്കുന്നു എന്ന് വിലയിരുത്തി. സഹകരിച്ച് ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനും പ്രധാന അധ്യാപകർക്കും എല്ലാ അധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി പറയുന്നു. ഇതോടെ ഈ വർഷത്തിലെ വിശ്വാസ പരിശീലന ക്ലാസുകളുടെ സന്ദർശനം അവസാനിച്ചിരിക്കുന്നു. എല്ലാ ഇടവകകളിലും വളരെ നല്ല രീതിയിൽ വിശ്വാസ പരിശീലനം നടത്തുന്നു എന്ന് അറിയാൻ സാധിച്ചതിൽ ഏറെ സന്തോഷവും അതുപോലെ അഭിനന്ദനങ്ങളും ഞാൻ രേഖപ്പെടുത്തുന്നു.

## രണ്ടാം സെമസ്റ്റർ പരീക്ഷ

2025 – 26 അധ്യയന വർഷത്തിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 12 ആം തീയതി ഞായറാഴ്ച രാവിലെ 10.00 – 12.30 മണിവരെ നടത്തപ്പെടുന്നതാണ്.

Syllabus

Class 1st to 10th - Chapters 9 to 15

Class 11th and 12th - Chapters 7 to 12

G.K. - 1. Syromalabar Church 2. Belthangady Diocese

The Prayers & Questions: will be announced via WhatsApp

Saints: St. Clara

## ക്രിസ്തോത്സവ–2026

ഏപ്രിൽ 8, 9 10 എന്നീ തീയതികളിൽ ക്രിസ്തോത്സവ നടത്തപ്പെടുന്നതാണ്.

## പ്രധാന അധ്യാപകരുടെ കോൺഫറൻസ്

ഫെബ്രുവരി ഇരുപത്തിയൊന്നാം തീയതി (Feb 21) ശനിയാഴ്ച പ്രധാന അധ്യാപകരുടെ കോൺഫറൻസ് ജ്ഞാനനിലയത്തിൽവച്ച് 10.30 മുതൽ 1.00 വരെ നടത്തപ്പെടുന്നതാണ്. എല്ലാ പ്രധാന അധ്യാപകരും ഈ കോൺഫറൻസിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

**അജണ്ട:**

1. ക്രിസ്തോത്സവ
2. രണ്ടാം സെമസ്റ്റർ പരീക്ഷ
3. ജ്നാനസന്ദേശ ബൈബിൾ ക്വിസ്
4. ബൈബിൾ കലോത്സവം
5. 2026 – 27 അധ്യയന വർഷത്തിലെ കാര്യപരിപാടികൾ

## പ്രതിഭാസംഗമം

7 – ആം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ പ്രതിഭാസംഗമം 2026 മെയ് 7, 8, 9 എന്നീ തിയതികളിൽ കാക്കനാട് സെൻ്റ തോമസ് മൗണ്ടിൽ വച്ചു നടക്കുന്നതാണ്. പഠിക്കാൻ മിടുക്കരായ ഏഴാം ക്ലാസ്സിലെ കുട്ടികളുടെ പേരുവിവരങ്ങൾ രൂപതാ കേന്ദ്രത്തിൽ മാർച്ചിനുള്ളിൽ അറിയിക്കേണ്ടതാണ്. നമ്മുടെ രൂപതയിൽനിന്നും രണ്ടു ആൺകുട്ടികൾക്കും രണ്ടു പെൺകുട്ടുകൾക്കുമാണ് പങ്കെടുക്കാൻ അവസരമുള്ളത്.

# ചെറുപുഷ്പ മിഷൻ ലീഗ്

## മിഷൻ ഗ്രാമം

നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന മിഷൻ ഗ്രാമം സന്ദർശിക്കാൻ സാധിക്കുന്നവർ സന്ദർശിക്കുകയും അല്ലാത്തവർ അവിടുത്തെ അച്ചന്മാർ, സിസ്റ്റേഴ്സ്, അഥവാ കുട്ടികളുമായി ഫോണിലൂടെ സമ്പർക്കം പുലർത്തുകയും, ആ ഇടവകയെ കുറിച്ച് നന്നായി പഠിച്ച് നിങ്ങൾ ആ ഇടവകയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് എഴുതി അതിൻ്റെ ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേക്ക് ഫെബ്രുവരി 15ന് മുമ്പായി അയച്ചു തരണമെന്ന് ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു.

**ഗണ്ടിബാഗിലു സി.എം.എൽ. യൂണിറ്റ് മിഷൻഗ്രാമ സന്ദർശന റിപ്പോർട്ട്**

സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മൂല്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ഗണ്ടിബാഗിലു സെന്റ് തോമസ് സി.എം.എൽ. യൂണിറ്റിലെ 38 കുഞ്ഞുമിഷനറിമാർ ബഹുമാനപ്പെട്ട വികാരി ജോസഫ് ആയാംകുടി അച്ഛന്റെ നേതൃത്വത്തിൽ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടും അധ്യാപകരോടും ഒപ്പം തങ്ങളുടെ മിഷൻ ഗ്രാമമായ മൈസൂറിലെ എലവാലായിലുള്ള (Yelawala) വി. പാദ്രെപിയോ മാസ് സെന്റർ സന്ദർശിക്കുകയുണ്ടായി. ബഹു. തോമസ് മംഗലത്തിൽ അച്ഛനും ബഹു. പ്രസാദ് MST അച്ഛനും ചേർന്ന് എല്ലാവരെയും സ്നേഹപൂർവ്വം സ്വീകരിച്ചു. ബഹു. പ്രസാദ് അച്ഛൻ വിശുദ്ധ പാദ്രേ പിയോയേകുറിച്ച് കുട്ടികൾക്ക് പറഞ്ഞുകൊടുത്തു.

2022 ലാണ് ഇവിടെ പള്ളിപണി ആരംഭിച്ചത്. ഇപ്പോഴും പണി തുടർന്നുകൊണ്ടിരിക്കുകയാണ്. മൈസൂറിലെ ഹിങ്കൽ ഇടവകയുടെ കീഴിലുള്ള ഒരു മാസ് സെന്റർ ആയിരുന്നു എലവാല ചർച്ച്. ഇപ്പോൾ അത് ഒരു സ്വതന്ത്ര മാസ് സെന്റർ ആയി പ്രവർത്തിക്കുന്നു. ഇവിടെ ഇടവകക്കാർ എന്നു പറയാൻ ആരും തന്നെ ഇല്ല. ഇത് പൂർണമായും ഒരു മിഷൻ പ്രദേശമാണ്. ഭാവിയിൽ ഇതിനെ ഒരു തീർത്ഥാടന കേന്ദ്രവും ധ്യാനകേന്ദ്രവുമായി ഉയർത്താനാണ് മണ്ഡ്യ രൂപത ആഗ്രഹിക്കുന്ന തെന്നും അതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും അച്ഛൻ കുട്ടികളോട് ആവശ്യപ്പെട്ടു.

കുട്ടികൾ തങ്ങളുടെ മിഷൻ ഗ്രാമത്തെ സമർപ്പിച്ച് സുകൃതജപങ്ങൾ ചൊല്ലുകയും പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ക്രിസ്മസിനോട് അനുബന്ധിച്ച് കുട്ടികൾ ലക്കിടിപ്പ് വിറ്റ് അതിൽ നിന്നും ലഭിച്ച മുപ്പതിനായിരം രൂപ (30,000) തങ്ങളുടെ മിഷൻ ഗ്രാമമായ ജലപാലയ്ക്ക് പള്ളി നിർമാണത്തിനായി നൽകി. **പള്ളി നിർമ്മാണത്തിന് വളരെയേറെ തടസ്സങ്ങൾ നേരിട്ടിരുന്നുവെന്നും എന്നാൽ കുട്ടികളുടെ പ്രാർത്ഥനയെ തുടർന്ന് തടസ്സങ്ങൾ മാറുകയും പള്ളി നിർമ്മാണത്തിന്റെ പണികൾ തുടരുവാൻ സാധിച്ചു എന്നും ബഹുമാനപ്പെട്ട പ്രസാദ് എം.എസ്.ടി. അച്ഛൻ അറിയിച്ചു.** എല്ലാവർക്കും നന്ദി അറിയിച്ചതിനോടൊപ്പം കുട്ടികളോട് എലവാലക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടു.

തുടർന്നു കുട്ടികൾ മൈസൂറിലെ ചില പ്രധാന സ്ഥലങ്ങൾ സന്ദർശിച്ചു. എല്ലാവർക്കും ഇത് ഒരു മറക്കാനാകാത്ത നല്ല അനുഭവമായിരുന്നു.

**Letter of Gratitude:**

“Dear Rev Fr Jose Ayamkudy, Rev Sisters, Teachers and Dear CML Friends of St Thomas Church, Gandibagilu,

“Wish you all a Happy, blessed and grace filled New Year 2026. Peace and blessings to each one of you. With hearts filled with gratitude, we thank you sincerely for your meaningful visit to San Padre Pio Church, Yelawala. Your presence was a true blessing and a beautiful witness of faith, unity, and youthful commitment to Christ. “We are deeply touched by your constant support through prayer, which strengthens our hope, fills us with confidence and uplifts us spiritually. Your prayers remind us that the Church is alive, vibrant and growing through the faith of young hearts like yours. Along with this, we gratefully acknowledge your generous monetary assistance, offered with great love and lots of sacrifice. Your kindness and thoughtfulness serve as a powerful example of sharing God’s gifts with joy. “St James reminds us that ‘faith of itself, if it does not have works, is dead. (St James 2:17).

Dear CML Friends, your actions speak louder than words. You have shown that faith is not only something we profess, but something we live out through service, generosity, and compassion. May the life and example of St. Padre Pio inspire you always to remain strong in prayer, humble in service, and joyful in love. “We keep each one of you in our prayers, asking the Lord to bless your studies, your families, and your future endeavours. May God reward you abundantly for all the good you do, and may you continue to be shining lights of hope and faith in the Church and in the world.

“We gratefully remember Fr Jose, Sisters and teachers who walk with you and encourage you. We must gratefully acknowledge the support and inspiration given your beloved parents and the parish community as a whole.“Hearty congratulations to Fr Jose on his Sacerdotal Silver Jubilee. It is really edifying as well as inspiring to know that Fr Jose along with the parish community has been admirably engaged in writing down the Bible. May God continue to bless all of you in such meaningful and spiritually empowering endeavours. Please continue to keep us in your valuable prayers.“With heartfelt thanks and prayers,“

"Fr Thomas Mangalathil & Fr Prasad K J MST"
San Padre Pio Church, Yelawala, Mysore.

**മിഷൻ ലീഗ് രൂപതാ കമ്മിറ്റി**

ചെറുപുഷ്പ മിഷൻ ലീഗിന്റെ ബെൾത്തംഗഡി രൂപതാ കമ്മിറ്റി ഫെബ്രുവരി മാസം 22 ആം തീയതി ഞായറാഴ്ച മൂന്നരയ്ക്ക് ജ്ഞാനനിലയത്തിൽ വച്ചു ചേരുന്നതാണ്. രൂപതാ കമ്മിറ്റി അംഗങ്ങൾ എല്ലാവരും ഈ മീറ്റിങ്ങിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**സെമിനാരി ഫണ്ട് നൽകിയവർ**

കുട്രുപ്പാടി - 2000 രൂപ
ഉജിറേ - 1000 രൂപ
തോട്ടത്താടി - 5000

**മിഷൻസണ്ടേ ഷെയർ നൽകിയവർ**

ബൊൾമനാർ - 4,350 രൂപ
ഉജിറെ - 10,000 രൂപ
ജഡ്ക്കൽ - 10,000 രൂപ
സുള്ള്യ - 9000 രൂപ
കളെഞ്ച - 3000 രൂപ
തോട്ടത്താടി - 10,000

**പ്രവർത്തനം**

എല്ലാദിവസവും ഒരു സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന ചൊല്ലി ഉണ്ണി ഈശോയ്ക്ക് കാഴ്ചവച്ചുകൊണ്ട് പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ കുട്ടികൾക്കും വേണ്ടി പ്രാർത്ഥിക്കണം.

**വചനം**

നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. യോഹ 8:32

**അനുസ്മരിക്കുന്ന തിരുനാൾ**

വാഴ്ത്തപ്പെട്ട റാണി മരിയ - Feb. 25

**സുകൃത ജപം**

വാഴ്ത്തപ്പെട്ട റാണി മരിയ, ഭാരതത്തിനുവേണ്ടി മാധ്യസ്ഥം അപേക്ഷിക്കണമേ.

# തിരുബാലസഖ്യം

## തിരുബാലസഖ്യ ദിന ആഘോഷം

ഫെബ്രുവരി 8 ാം തീയതിയാണ് തിരുബാലസഖ്യ ദിനം. അന്നേ ദിവസം തിരുബാലസഖ്യ കുട്ടികളുടെ മീറ്റിംഗ്, കലാപരിപാടികൾ, കാഴ്ച സമർപ്പണം, മത്സരങ്ങൾ മുതലായവ നടത്തി എത്ര മനോഹരമാക്കാൻ സാധിക്കുമോ അത്രയും മനോഹരമായി ആഘോഷിക്കണമെന്ന് അപേക്ഷിക്കുന്നു.

**പ്രവർത്തനം**

എല്ലാദിവസവും ഒരു നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി പരീക്ഷകൾക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ കുട്ടികൾക്കും വേണ്ടി പ്രാർത്ഥിക്കണം.

**വചനം**

നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. യോഹ 8:32

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ ബ്രിജിത്ത് - Feb 1

**സുകൃത ജപം**

ബോധജ്ഞാനത്തിന്റെ സിംഹാസനമേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

# ബൈബിൾ അപ്പസ്തോലേറ്റ്

## ബൈബിൾ പഠിക്കാൻ

2026 ആം ആണ്ടിൽ ബൈബിൾ പഠിക്കാൻ നമ്മൾ തിരഞ്ഞെടുത്തിരിക്കുന്നത് വെളിപാട് പുസ്തകമാണ്. ബഹുമാനപ്പെട്ട ദാനിയേൽ പൂവണ്ണത്തിൽ അച്ഛൻ എൻകൗണ്ടർ ബൈബിൾ സ്റ്റഡി എന്ന

ആപ്പിലൂടെ വെളിപാട് പുസ്തകം നമുക്ക് മനസ്സിലാകത്തക്ക രീതിയിൽ ക്ലാസുകൾ എടുക്കുന്നുണ്ട്. ഇതുവരെ 6 എപ്പിസോഡുകൾ ആയി. നിങ്ങൾ എൻ കൗണ്ടർ ബൈബിൾ സ്റ്റഡി എന്ന ഈ ആപ്പ് ഡൗൺലോഡ് ചെയ്ത് വെളിപാട് പുസ്തകം പഠിക്കണമെന്ന് നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ബൈബിൾ എഴുതുന്നവർ ഇപ്പോൾ മുതൽ എഴുതാൻ ആരംഭിക്കണമെന്ന് ഓർമിപ്പിക്കുന്നു. അതുപോലെതന്നെ സമയം കിട്ടുമ്പോഴെല്ലാം വെളിപാട് പുസ്തകം വായിച്ച് പൂർത്തിയാക്കുകയും അതിലൂടെ ദൈവം നമുക്ക് തരുന്ന സന്ദേശം സ്വീകരിച്ചുകൊണ്ട് വളരാൻ പരിശ്രമിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

**Fr Joseph Mattam**
Director
Apostolates of Catechesis & Bible

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 17.01.2026 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಕಾರ್ಯಕ್ರಮಕ್ಕೆ ಮುಖ್ಯ ಅತಿಥಿಯಾಗಿ ಗಂಡಿಬಾಗಿಲು ಸೈಂಟ್ ತೋಮಸ್ ಪ್ರೌಢಶಾಲೆಯ ನಿವೃತ ಉಪನ್ಯಾಸಕರಾದ ತೋಮಸ್ ಪಿ.ಎ ಹಾಗೂ ಇನ್ನೋರ್ವ ಮುಖ್ಯ ಅತಿಥಿಯಾಗಿ ಸ್ನೇಹ ಕಿರಣ್ ಜಿಲ್ಲಾ ಒಕ್ಕೂಟ (ರಿ) ಬೆಳ್ತಂಗಡಿ ಇದರ ಅಧ್ಯಕ್ಷರಾದ ಎಲಿಯಮ್ಮ ತೋಮಸ್ ರವರು ಆಗಮಿಸಿ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆರವರು ಪ್ರಾಸ್ತಾವಿಕ ನುಡಿಗಳನ್ನಾಡಿದರು. ಒಟ್ಟು 32 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 10,000/– ಈ ಂಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಂಯೋಜನೆಯನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ. ದಿನಾಂಕ 20.01.2026 ರಂದು ಕೊಕ್ಕಡ ಜ್ಯೋತಿ ಸ್ವ–ಸಹಾಯ ಸಂಘದ 5 ಮಂದಿ ಸದಸ್ಯರಿಗೆ 2,50,000/– ಕಿರು ಉದ್ದಿಮೆ ಸಾಲ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ.11,60,814/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಸ್ವಾವಲಂಬನ್ ಯೋಜನೆ:**

ಆರ್ಥಿಕವಾಗಿ ಹಿಂದುಳಿದ ಹಾಗೂ ಸ್ವ– ಉದ್ಯೋಗ ಮಾಡಲು ಆಸಕ್ತಿ ಇರುವ ಸ್ವ–ಸಹಾಯ ಸಂಘಗಳ ಒಟ್ಟು 31 ಮಂದಿ ಸದಸ್ಯರಿಗೆ ತಲಾ 15,000/–ದಂತೆ ಸಾಲ ಸೌಲಭ್ಯ ನೀಡಲಾಗಿದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 111 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ

ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,179 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 27.12.2025 ರಂದು ಧರ್ಮಸ್ಥಳ ಅನುದಾನಿತ ಪ್ರೌಢಶಾಲಾ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಲಿಂಗ ಸಮಾನತೆಯ ಕುರಿತು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ ಜೆ ತರಬೇತಿ ನೀಡಿದರು.

ಒಟ್ಟು 220 ವಿಧ್ಯಾರ್ಥಿಗಳು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 29.12.2025 ರಂದು ಧರ್ಮಸ್ಥಳ ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ

ಪಂಚಾಯತ್ ರಾಜ್ ವ್ಯವಸ್ಥೆಯ ಬಗ್ಗೆ ಮಾರ್ಕ್ ಡಿ ಸೋಜರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 30 ಮಂದಿ ಸದಸ್ಯರು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 31.12.2025 ರಂದು ಬಂಗಾಡಿ ಸರಕಾರಿ ಪ್ರೌಢ ಶಾಲಾ ವಿಧ್ಯಾರ್ಥಿಗಳಿಗೆ

ಮಾನವ ಹಕ್ಕುಗಳ ಬಗ್ಗೆ ಸಂಪನ್ಮೂಲ ವ್ಯಕ್ತಿ ಶ್ರೀಯುತ ಪ್ರಶಾಂತ್ ಸರಕಾರಿ ವಕೀಲರು ಬೆಳ್ತಂಗಡಿ ಇವರು ತರಬೇತಿ ನೀಡಿದರು.

ಒಟ್ಟು 150 ವಿಧ್ಯಾರ್ಥಿಗಳು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 03.01.2026 ರಂದು ತೋಟತ್ತಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸ್ಥಳೀಯ ಸಂಪನ್ಮೂಲ ಕ್ರೋಡಿಕರಣದ ಬಗ್ಗೆ ಶ್ರೀ ಜೊನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದರು.

ಒಟ್ಟು 30 ಮಂದಿ ಸದಸ್ಯರು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 06.01.2026 ರಂದು ಗಂಡಿಬಾಗಿಲು ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಪಂಚಾಯತ್ ರಾಜ್ ಬಗ್ಗೆ ಶ್ರೀ ಜೊನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದರು.

ಒಟ್ಟು 34 ಮಂದಿ ಸದಸ್ಯರು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 06.01.2026 ರಂದು ಕೊಕ್ಕಡ ಸೈಂಟ್ ಫ್ರಾನ್ಸಿಸ್ ಪ್ರೌಢಶಾಲೆಯಲ್ಲಿ ಮಾನವ ಹಕ್ಕುಗಳ ಬಗ್ಗೆ ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಶ್ರೀಯುತ ಇಸ್ಮಾಯಿಲ್ ಇವರು ತರಬೇತಿ ನೀಡಿದರು.

6.01.2026 ರಂದು ನೆಲ್ಯಾಡಿಯಲ್ಲಿ ಸ್ಫೂರ್ತಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸಂಪನ್ಮೂಲ ಕ್ರೋಡಿಕರಣದ ಬಗ್ಗೆ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬೀನೋಯಿ ಎಜೆ ತರಬೇತಿ ನೀಡಿದರು.ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 08.01.2026 ರಂದು ಬಂಗಾಡಿ ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ

ಹಕ್ಕೋತ್ತಾಯ ಜಾಲಬಂಧ ಬಗ್ಗೆ ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿ ಸೋಜರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 12.01.2026 ರಂದು ಬಂಗಾಡಿ ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ

ಸಾಂವಿಧಾನಿಕ ಹಕ್ಕುಗಳ ಬಗ್ಗೆ ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿ ಸೋಜರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 20.01.2026 ರಂದು ಅರುಣೋದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಜಾಗತಿಕ ತಾಪಮಾನದ ಬಗ್ಗೆ ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿ ಸೋಜರವರು ತರಬೇತಿ ನೀಡದರು. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ತರಬೇತಿಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 24.01.2026 ರಂದು ಬೆಳ್ತಂಗಡಿ ಜ್ಞಾನ ನಿಲಯದಲ್ಲಿ ಒಕ್ಕೂಟದ ಸದಸ್ಯರಿಗೆ ಬಲವರ್ಧನಾ ತರಬೇತಿ ಆಯೋಜಿಸಲಾಗಿತ್ತು. ತರಬೇತಿಯ ಅಧ್ಯಕ್ಷತೆಯನ್ನು ಮಾನಿನಿ ರಾಜ್ಯ ಒಕ್ಕೂಟದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ವಹಿಸಿದ್ದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಾಕರದ ವಂ.ಫಾ. ಬಿನೋಯಿ ಎ ಜೆ ಕಾರ್ಯಕ್ರಮದ ಉಧ್ಘಾಟನೆಯನ್ನು ನೆರವೇರಿಸಿ ಪ್ರಾಸ್ತಾವಿಕ ನುಡಿಗಳನ್ನಾಡಿದರು. ಸ್ನೇಹಕಿರಣ್ ಜಲ್ಲಾ ಒಕ್ಕೂಟ (ರಿ) ಬೆಳ್ತಂಗಡಿ ಇದರ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಎಲಿಯಮ್ಮ ತೋಮಸ್ ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಸರಕಾರಿ ಪ್ರಥಮ ದರ್ಜೆ ಕಾಲೇಜು ಮೇಲಂತಬೆಟ್ಟು ಇಲ್ಲಿನ ನಿವೃತ ಪ್ರಾಂಶುಪಾಲರದ ಡಾ. ಆಂಟೋನಿ ಟಿ.ಪಿ ರವರು ಒಕ್ಕೂಟದ ಪದಾಧಿಕಾರಿಗಳಿಗೆ ಹಾಗೂ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಒಕ್ಕೂಟ ಬಲವರ್ಧನಾ ತರಬೇತಿ ನೀಡಿದರು. ಒಕ್ಕೂಟಗಳ ಪದಾಧಿಕಾರಿಗಳು ಹಾಗೂ ಮಹಾಸಂಘದ ಸದಸ್ಯರು ಸೇರಿ ಒಟ್ಟು 33 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 19.12.2025 ರಂದು ನೆಟ್ಟಣ ಮತ್ತು ಮರ್ಧಾಳದ ಇಬ್ಬರು ಕ್ಯಾನ್ಸರ್ ರೋಗಿಗಳಿಗೆ ರೂ. 20,000/– ಧನ ಸಹಾಯ ನೀಡಲಾಗಿದೆ.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 25.12.2025 ರಂದು ಬೀಸಿನಪಾರೆಯಲ್ಲಿ ಪ್ಲಾಸ್ಟಿಕ್ ಬಳಕೆಯ ದುಷ್ಪರಿಣಾಮಗಳ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 11 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 278 ಮಂದಿ ಆರ್ಥಿಕ ನೆರವು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ. 34,150/ ಧನ ಸಹಾಯ ಲಭಿಸಿರುತ್ತದೆ. ಇದುವರೆಗೆ ಈ ಯೋಜನೆಗೆ ರೂ. 8,31,775/– ಸಂಗ್ರಹವಾಗಿದೆ.

**Fr. Varkey Malikayil**
Director, Social Service Department

# Come & See Programme
## 15.01.2026



San Thome Gurumandira (Minor Seminary) Puttur



Gonikoppa : New Year Mass
01.01.2026



**Newly Blessed *Madbaha***
**St. Mary's Forane Church, Siddapura**
**01.01.2026**



# Blessing of the Newly Built Cemetery, St. Joseph's Forane Church, Dharmasthala 05.01.2026





## Foundation Stone Laying Ceremony
## St.George Church,Ujire- 04.01.2026




## Foundation Stone Laying Ceremony
## FCC Convent, Ujire- 04.01.2026



# New Year Celebration
# Belthanagdy- 02.01.2026









## Belthangady : DKRDS
## Training on Strengthening Fedaration
## 24.01.2026



## Bangady : DKRDS
## Training on Human Rights
## 12.01.2026





SMYM EPARCHIAL DIRECTORS' & PRESIDENTS' MEET,
on 21/01/2026, at Major Archiepiscopal Curia, Mount St. Thomas, Kakkanad.

## Gandibagilu : The Gospel of St. John was handwritten by 150 Parishioners as a Spiritual and Community Initiative



## Feast of Bl. Rani Maria February 25



# Condolences

**Late Bishop Dominic Kokkat CST**
**Bishop Emeritus of Gorakhpur**



# Condolences

**Rev. Sr. Annie Paul SH**



**Services in the Diocese of Belthangady**

1. SH Convent, Hoskotte.
2. SH Convent, Udane.
3. SH Convent, Siddhapura (Kodagu).
4. SH Convent, Heggala.

# അഭിവന്ദ്യ ലോറൻസ് പിതാവിന്റെ ഡയറിയിൽനിന്ന്

## ജനുവരി - 2026

2. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച് പുതുവത്സര ത്തോടനുബന്ധിച്ച് നടത്തിയ താലൂക്കിലെ വി. ഐ. പി. സൗഹാർദ സമ്മേളനത്തിൽ പങ്കെടുത്തു.

04. രാവിലെ 10.30 ന് സെന്റ് ലോറൻസ് കത്തീഡ്രൽ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

05. രാവിലെ 10.00 ന് തോട്ടത്താടിയിൽ വച്ച് പ്രതീഷ് കളമ്പ്കാ ട്ടിന്റെ പുതിയ വിടിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി.

17. വൈകുന്നേരം 03.30 ന് ഷീരാടി സെന്റ് പീറ്റർ, സെന്റ് പോൾ ഇട വകയിൽ (സിറിയൻ ഓർത്തഡൊക്സ്) പുതിയതായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

18. വൈകുന്നേരം 07.30 ന് ബെൾത്തംഗഡി ഹോളി റെഡീമർ പള്ളിയിൽ (മംഗലാപുരം രൂപത) ഇടവക തിരുനാളിനൊടനുബ ന്ധിച്ച് നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ സന്ദേശം നൽകി.

19. രാവിലെ 10.30 ന് മംഗലാപുരം ഡി.എസ്.എച്ച്. ജെ. പ്രൊവി ഷ്യൽ ഹൗസിൽ വച്ച് നടന്ന പ്രൊവിൻസ് ഡെ യിൽ പങ്കെടു ക്കുകയും ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

23. രാവിലെ 10.30 ന് മാളചൗക്കി വിമലാംബിക ദേവാലയത്തിൽ ബഹു. മാത്യു ആലപ്പാട്ടച്ചന്റെയും, ബഹു. സി. ലിസ് മാത്യു എസ്. എച്ച്. ന്റെയും വൽസല പിതാവ് പരേതനായ ശ്രീ മാത്യു ആലപ്പാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

# അഭിവന്ദ്യ ജെയിംസ് പിതാവിന്റെ ഡയറിയിൽനിന്ന്

## ജനുവരി - 2026

01. ഗോണികൊപ്പ ഇടവകയിൽ വി. ബലി അർപ്പിച്ച്, സന്ദേശം നല്കി. വൈകുന്നേരം 04.30 ന് സിദ്ദാപ്പുര ഇടവകയിൽ നവീകരിച്ച മദ്ബഹയുടെ വെഞ്ചിരിപ്പ് തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകുകയും ചെയ്തു.

02. വൈകുന്നേരം 05.00 ന് സെന്റ് ലോറൻസ് കത്തീഡ്രൽ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 06.45 ന് ജ്ഞാനനിലയത്തിൽ വച്ച് പുതുവത്സരത്തോടനുബന്ധിച്ച് നടത്തിയ താലൂക്കിലെ വി. ഐ. പി. സൗഹാർദ സമ്മേളനത്തിൽ പങ്കെടുത്തു.

03. വൈകുന്നേരം 04.30 ന് ആർള സെന്റ് മേരീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

04. രാവിലെ 08.00 ന് ഉജിറെ ഇടവകയിൽ പുതുതായി നിർമ്മിക്കുവാൻ പോകുന്ന ദേവാലയത്തിന്റെ തറക്കല്ലിടൽ ശുശ്രൂഷ നടത്തുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഉജിറെ എഫ്. സി. സി. സിസ്റ്റേഴ്സ് പുതുതായി നിർമ്മിക്കുവാൻ പോകുന്ന മഠത്തിന്റെ തറക്കല്ലിടൽ ശുശ്രൂഷ നടത്തി.

05. രാവിലെ 10.00 ന് തോട്ടത്താടിയിൽ വച്ച് പ്രതീഷ് കളമ്പ്കാട്ടിന്റെ പുതിയ വിടിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി. വൈകുന്നേരം 04.30 ന് ധർമ്മസ്ഥള ഇടവകയിൽ നവീകരിച്ച സിമിത്തേരിയുടെ വെഞ്ചിരിപ്പു തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹികുകയും വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 09.00 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

06-11. സീറോ മലബാർ സഭയുടെ ബിഷപ്പ്സ് സിനഡിൽ പങ്കെടുത്തു.


13-31 വിദേശ യാത്ര നടത്തി.



# BISHOP LAWRENCE

## FEBRUARY- 2026

| | | |
|---|---|---|
| 01 | Sampaje | |
| 04. | Chandanakampara | |
| 12. | Nellyady | : SH Regional House |
| 13. | Mundaje | |
| 14. | Mundaje | |
| 19. | Belthangady | : Bishop's House |




# BISHOP JAMES PATTERIL

## FEBRUARY - 2026

| | | | |
|---|---|---|---|
| 01-02 | Out of Station | | |
| 03-10 | Bangalore | : | CBCI |
| 12. | Nellyady | : | SH Regional House |
| 13. | Morning | : | Antarangatha Ale |
| | Evening | : | Kokkada |
| 14. | Mundaje | | |
| 16. | Belthangady | : | Cathedral |
| 18. | Belthangady | : | New Priests' Day |
| 25-27. | Bangalore | : | KRCBC |


**Registered News Paper**

**Monthly**

**UDAYADEEPA**
**BELTHANGADY**

REGISTERED NO.
PTR/105/2024-2026
LICENSED TO POST WITHOUT
PREPAYMENT
LICENSE NO.
SK/WPP/PTR/219/2024-26
RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**
**ANNUAL SUBSCRIPTION**
**RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879